# പ്രതീക്ഷയുടെ പൂമൊട്ടുകൾ

മംഗലവാർത്ത - പിറവി ലക്കം 2012-13



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്

# ജൂബിലി ആശംസകൾ!



സത്യത്തിന്റെ ആൾരൂപവും കർമ്മോത്സുക ആദ്ധ്യാത്മികതയുടെ ധീരോദാത്ത മാതൃകയും പ്രാർത്ഥനയുടെ മനുഷ്യനും ഋഷിതുല്യമായ ജീവിതശൈലിയുടെ പ്രതീകവും സീറോമലബാർസഭയുടെ ഉറങ്ങാത്ത കാവൽക്കാരനുമായ അഭിവന്ദ്യ പൗവ്വത്തിൽ പിതാവിന് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയും മെത്രാഭിഷേകത്തിന്റെ റൂബി ജൂബിലിയും ആഘോഷിക്കുന്ന ഈ സുന്ദരവേളയിൽ പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ ഹൃദയംനിറഞ്ഞ പ്രാർത്ഥനാശംസകൾ!

**അപ്പസ്തോലിക് സൊഡാലസ്**
**അപ്പസ്തോലിക് ഒബ്ളേറ്റ്സ്**
**സോഷ്യൽ ആനിമേറ്റേഴ്സ്**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 31 മംഗലവാർത്ത - പിറവി ലക്കം 2012-13


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- വിശ്വാസം: സ്നേഹത്തിനു പ്രത്യുത്തരം 03
- Children Learn What They Live 06
- പരി. കുർബാന ദൈവികപുണ്യങ്ങളുടെ ഉടവിടം 07
- സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ് 10
- സ്വാതന്ത്ര്യവും മാനസാന്തരവും 12
- മനുഷ്യൻ 'മനുഷ്യനാകാൻ' ദൈവം മനുഷ്യനായി 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Reasons for the Youth do not come to the Church 18
- Jesus Our Saviour 19
- ബൈബിൾ വ്യാഖ്യാനത്തിലെ അടിസ്ഥാന ആഭിമുഖ്യങ്ങൾ 20
- ശിക്ഷണവഴിയിലെ അപജയങ്ങൾ 22
- നവസുവിശേഷവൽക്കരണം ആധുനികസമ്പർക്ക മാധ്യമങ്ങളിലൂടെ 24
- ദൈവത്തിന്റെ സംഭാഷണം പ്രവാചകന്മാരിലൂടെ 27
- നഷ്ടമാകുന്ന സിക്കമൂർ മരങ്ങൾ 29
- മന്ദമാരുതനോ കൊടുങ്കാറ്റോ...? 31
- അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ 32

## എഡിറ്റോറിയൽ

# പുതിയ കാൽവയ്പ്പ്



മംഗളവാർത്താക്കാലത്തിലൂടെ ആരാധനാവത്സരത്തിന്റെ പുതിയ വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. പുതിയ വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ കഴിഞ്ഞുപോയ വർഷത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുവാൻ നമുക്കു കഴിയണം. നമ്മുടെ ജീവിതത്തെ വിലയിരുത്തുവാനും ലഭിച്ച നന്മകൾക്ക് സർവ്വേശ്വരനോട് നന്ദി പറയാനും നമ്മുടെ സമഗ്രമായ വളർച്ചയ്ക്ക് അവിടുന്നു നല്കിയ അവസരങ്ങൾ നഷ്ടപ്പെടുത്തിയത് ഓർത്ത് പൊറുതി യാചിക്കാനും കഴിയണം. ഉപേക്ഷിക്കേണ്ടവ ഉപേക്ഷിക്കുവാനും നേടിയെടുക്കേണ്ടവ നേടിയെടുക്കാനുമുള്ള ഒത്തിരിയേറെ തലങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടായിരിക്കും. അവ തിരിച്ചറിഞ്ഞ് ദൈവസഹായത്താൽ തിരുത്തിക്കുറിച്ച് വളർച്ചയുടെ പടവുകൾ കയറുവാൻ നമുക്കു പരിശ്രമിക്കാം. നല്ല ഒരു ക്രൈസ്തവജീവിതത്തിലൂടെ അനേകർക്ക് വിശുദ്ധിയിലേക്കുള്ള വഴികാട്ടിയാകുന്ന ദീപസ്തംഭമായി ഉയരുവാൻ ഈ വിശ്വാസവർഷം നമ്മെ സഹായിക്കട്ടെ.

സാർവ്വത്രികസഭ വിശ്വാസവർഷം പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. സഭയാണ് വിശ്വാസത്തിന്റെ പ്രഥമ ഉടമ. സഭയുടെ വിശ്വാസം ആഴത്തിൽ ജീവിക്കുന്നതാണ് ആദ്ധ്യാത്മികജീവിതം. സഭയുടെ വിശ്വാസം സ്വാംശീകരിച്ചുകൊണ്ടാണ് നാം വിശ്വാസം ജീവിക്കുന്നതും ആദ്ധ്യാത്മികതയിൽ വളരുന്നതും. സഭയുടെ വിശ്വാസത്തിന്റെ ആഘോഷമാണ് ആരാധനക്രമം. ആരാധനക്രമവത്സരത്തിന്റെ താളലയങ്ങളോടുചേർന്ന് ജീവിച്ചുകൊണ്ടാണ് സഭയുടെ വിശ്വാസം സ്വാംശീകരിക്കേണ്ടത്. ഇങ്ങനെ ജീവിക്കുവാൻ സഹായകമായ കാഴ്ചപ്പാടുകൾ നല്കത്തക്ക രീതിയിൽ പ്രതീക്ഷയുടെ പൂമൊട്ടുകൾ പുനഃസംവിധാനം ചെയ്ത് പ്രസിദ്ധീകരിക്കുകയാണ്. ആരാധനാവത്സരത്തിന്റെ ഈ രണ്ടു കാലങ്ങളനുസരിച്ച് പ്രസിദ്ധീകരിച്ചിരുന്ന പ്രതീക്ഷയുടെ പൂമൊട്ടുകൾ ഈ ലക്കം മുതൽ ആരാധനനാവത്സരത്തിന്റെ എല്ലാ കാലങ്ങളിലും പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുകയാണ്. ആദ്ധ്യാത്മികതയുടെ പ്രേഷിതത്വം മുഖമുദ്രയാക്കിയ വിശുദ്ധിയുടെ അഥവാ പരമാവധി സ്നേഹത്തിന്റെ പ്രേഷിതകുടുംബത്തിന്റെ ആഭിമുഖ്യത്തിലാണ് ഇത് തുടർന്ന് പ്രസിദ്ധീകരിക്കുന്നത്. തിരുസ്സഭയുടെ ആരാധനക്രമ ആദ്ധ്യാത്മികതയിൽ അടിയുറച്ച ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഇത് ഒരു വഴികാട്ടിയായിരിക്കും. ഇന്നുവരെ നിങ്ങൾ നല്കിയ സഹായസഹകരണങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം അവ ഇനിയും തുടരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഏവർക്കും ക്രിസ്തുമസ്സ്-നവവത്സരാശംസകൾ...

ചീഫ് എഡിറ്റർ







# വിശ്വാസം: സ്നേഹത്തിനു പ്രത്യുത്തരം

**ഡോ. മാത്യു വെള്ളാനിക്കൽ**

തന്റെ സൗഹൃദത്തിലേക്കും സൗഭാഗ്യത്തിലേക്കും ക്ഷണിച്ചുകൊണ്ട് മനുഷ്യമദ്ധ്യേ കടന്നുവരുന്ന ദൈവത്തിന്റെ സ്നേഹത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരമാണ് വിശ്വാസം. ഈ ക്ഷണത്തിന് പ്രത്യുത്തരം നല്കുന്നവർ ദൈവൈക്യത്തിലേക്കും അതിൽനിന്നുളവാകുന്ന ആനന്ദത്തിലേക്കും പ്രവേശിക്കും. അത് നിരസിക്കുന്നവർ നിരാശയിലേക്കും നാശത്തിലേക്കും വഴുതിവീഴും. ഇതിനെ ഉദാഹരിക്കുന്ന വേദിയാണ് സെനക്കിൾ. അപ്പം മുറിച്ചുകൊടുത്ത് തന്റെ ശിഷ്യരോടുള്ള സ്നേഹം ഈശോ പങ്കുവയ്ക്കുന്നു (യോഹ 13,21-30). രണ്ടു വിധത്തിലുള്ള പ്രത്യുത്തരമാണ് ഇവിടെ ഉദാഹരിക്കപ്പെടുന്നത്. ഒന്ന്, അവിടുത്തെ സ്നേഹം സ്വീകരിച്ച് അതിനു പ്രതിസ്നേഹം നല്കിക്കൊണ്ട് ഈശോയുടെ മാർവ്വിൽ ചാരിക്കിടക്കുന്ന ക്രിയാത്മകമായ പ്രത്യുത്തരം-യോഹന്നാൻ. മറ്റൊന്ന്, അവിടുത്തെ സ്നേഹം വേണ്ടവിധം സ്വീകരിക്കാതെ ഈശോയെ ഒറ്റിക്കൊടുക്കുവാൻ ഇറങ്ങിപ്പോകുന്ന നിഷേധാത്മകമായ പ്രത്യുത്തരം-യൂദാസ്. ഈശോയുടെ സ്നേഹത്തിൽ വിശ്വസിക്കാതെ കൂടെ നടന്നിരുന്ന ഒരു ശിഷ്യനായിരുന്നു യൂദാസ്: "വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട്. അവർ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആദ്യം മുതലേ അവൻ അറിഞ്ഞിരുന്നു" (യോഹ 6,64). ഈ വിശ്വാസമില്ലായ്മയുടെ പൂർത്തീകരണമാണ് അന്ത്യത്താഴവേദിയിൽ യൂദാസിൽ പ്രകടമാകുന്നത്.

**യോഹന്നാൻ: വിശ്വാസത്തിന്റെ പ്രതീകം**

സെനക്കിളിൽ യോഹന്നാൻശ്ലീഹാ സ്നേഹത്തിനു പ്രതിസ്നേഹം നല്കുന്ന വിശ്വാസത്തിന്റെ പ്രതീകമാണ്. വലതുവശത്തിരിക്കുന്ന ആൾ ഇടതുവശത്തിരിക്കുന്ന ആളിന്റെ മാർവ്വിലേക്ക് ചാഞ്ഞിരിക്കുന്ന രീതിയായിരുന്നു പെസഹാഭക്ഷണത്തിനുള്ളത്. ഇത് ആ വ്യക്തിയുമായി സ്വകാര്യസംഭാഷണം നടത്താനുള്ള സാദ്ധ്യത നല്കിയിരുന്നു. ഈശോയുടെ മാർവ്വിൽ ചാരിക്കിടന്നുകൊണ്ട് ഈശോയെ ഒറ്റിക്കൊടുക്കുന്നവൻ ആരാണ് എന്ന് മറ്റുള്ളവർ അറിയാതെ ചോദിക്കാനും മറുപടി കേൾക്കാനും ഈ ക്രമീകരണം യോഹന്നാന് സഹായകമായി (യോഹ 13,23-26). സുവിശേഷകന്റെ കാഴ്ചപ്പാടിൽ ഇതിന് പ്രതീകാത്മകമായ അർത്ഥമാണുള്ളത്. ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സ്നേഹം യോഹന്നാനെ സ്പർശിച്ചു. യോഹന്നാൻ ആ സ്നേഹം സ്വീകരിച്ച് അതിന് ക്രിയാത്മകമായി


പ്രത്യുത്തരിച്ചു. അങ്ങനെ യോഹന്നാൻശ്ലീഹാ വിശ്വാസത്തിന്റെ പ്രതീകമായി മാറി.

### യൂദാസ്: അവിശ്വാസത്തിന്റെ പ്രതീകം

യൂദാസ് ഇരുന്നത് ഈശോയുടെ ഇടതുവശത്താണ്. ഈശോയും യൂദാസും തമ്മിൽ സ്വകാര്യസംഭാഷണം നടത്താൻ ഇത് സഹായകമായി. യൂദാസിന്റെ മാർവ്വിൽ ചാരിക്കിടന്നുകൊണ്ട് തനിക്കു യൂദാസിനോടുള്ള സ്നേഹം പ്രകടിപ്പിക്കാനും ഇത് ഈശോയ്ക്ക് അവസരമൊരുക്കി. യൂദാസിനോടുള്ള ഈശോയുടെ, ഈശോയിലൂടെയുള്ള ദൈവത്തിന്റെ, സ്നേഹത്തിന്റെ ആത്യന്തികമായ വെളിപ്പെടുത്തലായിരുന്നു അത്. തന്നെ ഒറ്റിക്കൊടുക്കുവാൻ തീരുമാനിച്ച് മുന്നോട്ടുനീങ്ങുന്ന യൂദാസിന്റെ പാദങ്ങളാണ് ഈശോ കഴുകിയത്. ഈ യൂദാസിന്റെ മാർവ്വിലാണ് ഈശോ ചാരിക്കിടന്നത്. എല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് യൂദാസിനെ താൻ സ്നേഹിക്കുന്നതെന്ന് ഇവിടെ ഈശോ വെളിപ്പെടുത്തുകയായിരുന്നു (യോഹ 13,26). എന്നാൽ യൂദാസ് ഈ സ്നേഹത്തിൽ വിശ്വസിക്കാതെ, ആ സ്നേഹം തിരസ്ക്കരിച്ചുകൊണ്ട്, പുറത്തുപോയി (യോഹ 13,30).

### മംഗളവാർത്തക്കാലവും വിശ്വാസവും

ദൈവസ്നേഹത്തിനു പ്രതിസ്നേഹം നല്കുന്ന വിശ്വാസജീവിതം നയിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്ന ഒരു കാലഘട്ടമാണ് മംഗളവാർത്തക്കാലം. ദൈവം ഈശോയിലൂടെ തന്റെ രക്ഷാകരസ്നേഹത്തിന്റെ സദ്വാർത്തയുമായി ജീവിതത്തിലേക്കു കടന്നുവരുമ്പോൾ, ക്രിയാത്മകമായി വിശ്വാസത്തിന്റെ പ്രത്യുത്തരം നല്കുന്ന വ്യക്തികളെയാണ് ഈ മംഗളവാർത്തക്കാലത്ത് നാം കണ്ടുമുട്ടുന്നത്. തന്റെ മാനുഷികബുദ്ധിക്ക് അഗ്രാഹ്യമായ വിധത്തിൽ രക്ഷകന്റെ അമ്മയാകാൻ വിളിക്കപ്പെട്ടപ്പോൾ ദൈവത്തിന്റെ ആ സ്നേഹപൂർവ്വകമായ ക്ഷണത്തിന്, "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്കാ 1,38) എന്നു പ്രത്യുത്തരം നല്കിയ പരി. കന്യകാമറിയം; മാനുഷിക പരിഗണനകളെയും ബുദ്ധിമുട്ടുകളെയും അതിലംഘിച്ച് ശിശുവിന്റെ പിതൃസ്ഥാനം ഏറ്റെടുക്കാനുള്ള ദൈവത്തിന്റെ സ്നേഹപൂർവ്വകമായ ക്ഷണത്തിന് ക്രിയാത്മകമായി പ്രത്യുത്തരം നല്കിയ വി. യൗസേപ്പ് (മത്താ 1,18-25); സകല ജനത്തിനുംവേണ്ടിയുള്ള രക്ഷാകരസന്ദേശത്തിന്റെ സദ്വാർത്തയുമായി കടന്നുവന്ന ദൈവത്തിന് ക്രിയാത്മകമായി പ്രത്യുത്തരം നല്കിയ ആട്ടിയന്മാർ (ലൂക്കാ 2,15-20); സകല






ജനതകൾക്കുംവേണ്ടി ദൈവം ഈശോയിൽ ഒരുക്കിയ രക്ഷ കൺകുളിർക്കെ കണ്ട് സംതൃപ്തിയടഞ്ഞ ശെമയോൻ (ലൂക്കാ 2,31); തന്റെ അവിശ്വാസത്തെ ഇല്ലാതാക്കിക്കൊണ്ട് രക്ഷാകരമായ അനുഭവം നല്കി തന്നെ അനുഗ്രഹിച്ച ദൈവത്തിന് സ്തോത്രമാലപിച്ച സഖറിയാ തുടങ്ങി എല്ലാവരും ദൈവത്തിന്റെ ഇറങ്ങിവരുന്ന രക്ഷാകരസ്നേഹത്തിന് വിശ്വാസത്തിന്റെ പ്രത്യുത്തരം നല്കിയവരാണ്.

**വിശ്വാസത്തിന്റെ പ്രത്യുത്തരം നല്കുക**

നമ്മുടെ ജീവിതത്തിൽ ഓരോ നിമിഷവും ദൈവം തന്റെ രക്ഷാകരസ്നേഹവുമായി കടന്നുവരുന്നുണ്ട്. അവിടുത്തെ സ്നേഹത്തിന്റെ വഴികൾ നമ്മുടെ വഴികളിൽനിന്നും വ്യത്യസ്തങ്ങളായതുകൊണ്ടും, അവ നമുക്ക് അഗ്രാഹ്യങ്ങളായതുകൊണ്ടും അവയെ തിരിച്ചറിയുവാനും വേണ്ടവിധം പ്രത്യുത്തരിക്കുവാനും നമുക്ക് കഴിയാതെ പോകുന്നുണ്ട്. ദൈവത്തിന്റെ സ്നേഹത്തിന്റെ കടന്നുവരവ് നമ്മുടെ ജീവിതാനുഭവങ്ങളിൽ തിരിച്ചറിയുവാനും അതിനു പ്രത്യുത്തരിക്കുവാനും നമുക്ക് പ്രാർത്ഥനാജീവിതം ആവശ്യമാണ്. നിരന്തരമായ പ്രാർത്ഥനാജീവിതത്തിലൂടെ ദൈവത്തിന്റെ സ്നേഹം ജീവിതാനുഭവങ്ങളിൽ തിരിച്ചറിഞ്ഞ് സ്നേഹത്തിന്റെ പ്രത്യുത്തരം നല്കി, വിശ്വാസത്തിൽ വളരുവാൻ ഈ മംഗളവാർത്ത ക്കാലം അവസരമാകട്ടെ.

## ആരാധനാവത്സരം

**ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. 9 ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്ക് നമ്മെ നയിക്കുന്നതാവണം.**

**മംഗലവാർത്ത - പിറവിക്കാലം**

ഈശോയുടെ മനുഷ്യാവതാരവും മിശിഹായെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണവും അവിടുത്തെ മുന്നോടിയായ സ്നാപകയോഹന്നാന്റെ പ്രവർത്തനങ്ങളും പരി. കന്യകാമറിയവും ഈശോയുടെ രഹസ്യജീവിതവുമൊക്കെയാണ് ഈ കാലത്ത് പ്രത്യേകം ധ്യാനവിഷയമാക്കുന്നത്.

ഈശോമിശിഹായിലൂടെ വെളിവാക്കപ്പെട്ട ദൈവത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞ് ആ സ്നേഹത്തിന് യഥാർത്ഥ വിശ്വാസത്തിലൂടെ നമുക്കു പ്രത്യുത്തരം നല്കാം. “ഇതാ, കർത്താവിന്റെ ദാസി” എന്നുപറഞ്ഞുകൊണ്ട് ദൈവഹിതത്തിനു കീഴ്വഴങ്ങിയ പരി. മറിയത്തെ നമുക്കു മാതൃകയാക്കാം. അവതരിച്ച വചനത്തിന് നമ്മുടെ ഹൃദയത്തിലിടം നല്കാം. സ്നാപകയോഹന്നാന്റെ ധൈര്യത്തോടെ നാമനുഭവിച്ചറിഞ്ഞ മിശിഹായെ സമൂഹമദ്ധ്യേ നമുക്ക് പ്രഘോഷിക്കാം. ⏩







**എം.സി. ഇൽഡെഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

1. If a child lives with criticism, he learns to condemn
2. If a child lives with hostility, he learns to fight
3. If a child lives with shame, he learns to be guilty
4. If a child lives with humiliation, he learns to feel ashamed
5. If a child lives with tolerance, he learns to be patient
6. If a child lives with encouragment, he learns confidence
7. If a child lives with praise, he learns to appreciate
8. If a child lives with fairness, he learns justice
9. If a child lives with security, he learns to have faith
10. If a child lives with approval, he learns to like himself
11. If a child lives with acceptance and friendship, he learns to find love in the world.

(Dorothy Low Holtz)

**കുട്ടികൾ ജീവിതത്തിൽനിന്നും പഠിക്കുന്നു**

1. വിമർശനങ്ങൾക്കു വിധേയനായി വളരുന്ന കുട്ടി കുറ്റപ്പെടുത്താൻ പഠിക്കുന്നു.
2. വിദ്വേഷത്തിൽ വളരുന്ന കുട്ടി കലഹിക്കാൻ പഠിക്കുന്നു.
3. പരിഹാസത്തിനു പാത്രമായി വളരുന്ന കുട്ടി, ലജ്ജിക്കാൻ പഠിക്കുന്നു.
4. അപമാനിതനായി വളരുന്ന കുട്ടി സ്വയം നിന്ദിക്കാൻ പഠിക്കുന്നു.
5. സഹിഷ്ണുതയിൽ വളരുന്ന കുട്ടി ക്ഷമകാണിക്കാൻ പഠിക്കുന്നു.
6. പ്രോത്സാഹനം കിട്ടി വളരുന്ന കുട്ടി ആത്മവിശ്വാസം പുലർത്താൻ പഠിക്കുന്നു.
7. അഭിനന്ദനം ലഭിച്ചു വളരുന്ന കുട്ടി മറ്റുള്ളവരിൽ നന്മ കണ്ടെത്താൻ പഠിക്കുന്നു.
8. നേരും നെറിയും കണ്ടു വളരുന്ന കുട്ടി നീതിബോധമുള്ളവനാകാൻ പഠിക്കുന്നു.
9. സുരക്ഷിതബോധത്തോടെ വളരുന്ന കുട്ടി മറ്റുള്ളവരെ വിശ്വസിക്കാൻ പഠിക്കുന്നു.
10. മറ്റുള്ളവരുടെ മതിപ്പിനു പാത്രമായി വളരുന്ന കുട്ടി സ്വയം മതിക്കാൻ പഠിക്കുന്നു.
11. മറ്റുള്ളവരുടെ അംഗീകാരം ലഭിച്ചുവളരുന്ന കുട്ടി എവിടേയും സ്നേഹം കണ്ടെത്താൻ ശ്രമിക്കുന്നു.

(ഡൊരോത്തി ലൊ ഹോൾട്ട്സ്)




കൗദാശിക ആദ്ധ്യാത്മികത



# പരിശുദ്ധ കുർബാന ദൈവികപുണ്യങ്ങളുടെ ഉറവിടം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ് ദൈവികപുണ്യങ്ങൾ. പരിശുദ്ധ കുർബാന വിശ്വാസത്തിന്റെ ആഘോഷവും സ്നേഹത്തോടെ അർപ്പിക്കേണ്ട ദൈവികസ്നേഹത്തിന്റെ ബലിയും പ്രത്യാശ പ്രദാനം ചെയ്യുന്ന ദൈവികരഹസ്യവുമാണ്. കുർബാനയെ സമീപിക്കുന്നതും അത് ആഘോഷിക്കുന്നതും ഈ ദർശനത്തോടെ ആകുമ്പോൾ അർപ്പണം അർത്ഥപൂർണ്ണവും കൂദാശ ഫലപ്രദവുമായിത്തീരുന്നു.

**പരിശുദ്ധ കുർബാന സ്നേഹബലി**

വത്തിക്കാൻ കൗൺസിൽ ആരാധനക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ പരി. കുർബാന "സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ്" (SC. 47) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ദൈവസ്നേഹത്തിൽ നിന്നകന്നു പറുദീസായ്ക്കു പുറത്തായ മനുഷ്യകുലത്തെ ദൈവവുമായി രമ്യപ്പെടുത്തിയ ഈശോമിശിഹായുടെ നീതിയുടെ പ്രവൃത്തികളാണ് വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത് (കുർബാനക്രമം). തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം അത്രയധികം ലോകത്തെ സ്നേഹിച്ച പിതാവിന്റെ (യോഹ 3,16) സ്നേഹമാണിവിടെ പ്രകാശിതമാകുന്നത്. പിതാവ് പുത്രനെ നല്കി ലോകത്തെ സ്നേഹിച്ചു. പുത്രനാകട്ടെ തന്നെത്തന്നെ ആത്മീയ ഭക്ഷണമായി മുറിച്ചു വിളമ്പി ദാഹവും വിശപ്പുമകറ്റി മനുഷ്യനെ സ്നേഹിച്ചു. ഈ വലിയ സ്നേഹരഹസ്യമാണ് അൾത്താരയിൽ അനുദിനമർപ്പിക്കുന്ന പരിശുദ്ധ കുർബാന.

**കുർബാന സ്നേഹത്തിൽ അർപ്പിക്കേണ്ട ബലി**

പരിശുദ്ധ കുർബാന സ്ഥാപനാവസരത്തിൽ ഈശോ ശിഷ്യരുടെ പാദങ്ങൾ കഴുകി. അതിന്റെ അർത്ഥമെന്തെന്ന് പത്രോസ് ശ്ലീഹാക്ക് ഈശോതന്നെ വെളിപ്പെടുത്തുകയും ചെയ്തു. തന്നോടുകൂടെയുള്ള പങ്കാളിത്തമാണ് അവിടുന്ന് കാലുകഴുകി ശിഷ്യർക്ക് പ്രദാനം ചെയ്തത്. അതിനുശേഷമാണ് പരിശുദ്ധ കുർബാന സ്ഥാപിച്ച് സ്വന്തം ശരീരരക്തങ്ങൾ ശിഷ്യർക്ക് പങ്കുവച്ചുകൊണ്ട് അവരുമായി ഒന്നായി ഭവിച്ചത്. സ്നേഹത്തിന് ഇതിനപ്പുറം ഒരു ചക്രവാളമുണ്ടാകുമോ? സ്നേഹത്തിന്റെയും പങ്കാളിത്തത്തിന്റെയും കൂദാശയ്ക്ക് കാലുകഴുകി ഒരുക്കിയശേഷം പരസ്പരം പാദങ്ങൾ കഴുകണമെന്ന് ശിഷ്യരോടും ആവശ്യപ്പെട്ടു. കാലുകഴുകൽ പങ്കാളിത്തം നല്കുന്നതിന്റെ പ്രതീകമാണെങ്കിൽ ശിഷ്യന്മാർ പരസ്പ

രവും പങ്കാളിത്തമുള്ളവരായിരിക്കണമെന്നതാണല്ലോ സൂചന. അതായത് അപ്പത്തിൻ മേശയിൽ എത്തി പരിശുദ്ധ കുർബാനയിൽ പങ്കുചേരുവാൻ പങ്കാളിത്തമുള്ള സ്നേഹിക്കുന്ന സമൂഹമായിരിക്കണം. മാമ്മോദീസായുടെ സഭാത്മക കൂട്ടായ്മയിൽ എത്തിയാൽ മാത്രം പോരാ ജീവന്റെ അടയാളമായ അനുരഞ്ജനകൂദാശയാവശ്യമെങ്കിൽ സ്വീകരിച്ച് ഭക്തിയോടും ശ്രദ്ധയോടും കൂടിവേണം ബലിയർപ്പിക്കാൻ.

ബലിവേദിയിലേക്ക് നീങ്ങുമ്പോൾ അന്യർക്ക് നിന്നോട് വിരോധമുണ്ടെന്ന് അറിയുന്ന പക്ഷം ആദ്യം അനുരഞ്ജനം. അതിനുശേഷം ബലിയർപ്പണമെന്നാണല്ലോ ഈശോ വ്യക്തമാക്കുന്നത് (മത്താ 5,24). പൗലോസ് ശ്ലീഹാ പരിശുദ്ധ കുർബാനയെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ് കോറിന്തോസിലെ സഭയിലെ ഭിന്നതയ്ക്കെതിരെ ശക്തമായി താക്കീതു നല്കുന്നത്. സ്നേഹമില്ലാത്ത, ഭിന്നിച്ചിരിക്കുന്ന സമൂഹത്തിന്റെ പരിശുദ്ധ കുർബാനയർപ്പണം അവരുടെതന്നെ തിന്മയ്ക്ക് കാരണമായി ഭവിക്കുന്നുവെന്നും അതിനാൽ ആത്മശോധനയ്ക്കുശേഷമേ പരിശുദ്ധ കുർബാനയിൽ പങ്കാളിയാകാവൂ എന്നുമുള്ള നിർദ്ദേശം ഇന്നും പ്രസക്തമാണ്.

**കുർബാന ക്ഷമിക്കുന്ന സ്നേഹം**

ഒറ്റിക്കൊടുക്കാനിരുന്ന യൂദാസിന്റെയും തള്ളിപ്പറയാനിരിക്കുന്ന പത്രോസിന്റെയും ഓടിയൊളിക്കാനിരുന്ന ശ്ലീഹന്മാരുടെയും കൈകളിലേക്ക് ഒന്നുപോലെ പാപമോചനത്തിനായി മുറിക്കപ്പെട്ട തന്റെ ശരീരവും ചിന്തപ്പെട്ട രക്തവും അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപസാദൃശ്യങ്ങൾ പങ്കുവച്ചുകൊടുത്തുകൊണ്ടാണ് ഈശോ ആദ്യകുർബാനയർപ്പിച്ചത്. താൻ പ്രതീകങ്ങളിൽ അർപ്പിച്ച ബലി അടുത്തദിവസം കാൽവരിയിൽ പിതാവിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു എന്നരുൾചെയ്തുകൊണ്ട് പൂർത്തിയാക്കി. ബലിവേദിയായ കാൽവരിമലയിൽ അൾത്താരയായ കുരിശിൽ കിടന്ന് ബലിയർപ്പണവേളയിൽ തന്നെ ക്രൂശിക്കുവാൻ നേതൃത്വം നൽകിയ ശതാധിപന് "ഇവൻ സത്യമായും ദൈവപുത്രനായിരുന്നു" എന്നു പറയത്തക്ക ഭാവം നല്കു






കയും ആക്ഷേപിച്ചവരോടും ക്രൂശിച്ചവരോടും ക്ഷമിക്കണമെ എന്ന് പിതാവിൻ സന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുകയും ചെയ്ത ഈശോയെ നാം കാണുന്നു.

പരിശുദ്ധ കുർബാനയെന്ന സ്നേഹബലി പാപം മോചിക്കുന്ന, ക്ഷമിക്കുന്ന സ്നേഹമാണ് അനാവരണം ചെയ്യുക. ഇത് ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നും, ഞങ്ങളുടെ പാപങ്ങളും അപരാധങ്ങളും മായ്ക്കണമെ എന്നും നാം ആവർത്തിച്ച് പ്രാർത്ഥിക്കുന്നു. പരിശുദ്ധ കുർബാന നല്കിക്കൊണ്ട് "മിശിഹായുടെ ശരീരവും രക്തവും കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ'' എന്നാണ് പ്രാർത്ഥിക്കുക. ഈശോയുടെ ക്ഷമിക്കുന്ന സ്നേഹം കുർബാനയിൽ നമുക്കനുഭവിക്കുവാൻ കഴിയും. ദുഷ്ടന്റെമേലും ശിഷ്ടരുടെമേലും മഴയും മഞ്ഞും പൊഴിക്കുന്ന ദൈവത്തിന്റെ നവ്യരൂപമാണിവിടെ നാം കാണുക.

**കുർബാന രക്ഷയുടെ ബലി**

നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് ജീവൻ ഉണ്ടാവുകയില്ല (യോഹ 6,53). മിശിഹായുടെ ശരീരരക്തങ്ങളുടെ ബലിയാണ് മനുഷ്യരക്ഷയ്ക്ക് അടിസ്ഥാനം. റോമാക്കാർക്കുള്ള ലേഖനത്തിൽ ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു: ''വിശ്വാസം വഴി സംലബ്ധമാകുന്ന രക്തം കൊണ്ടുള്ള പാപപരിഹാരമായി ദൈവം അവനെ നിശ്ചയിച്ചിരിക്കുന്നു" (റോമ 8,25). ശ്ലീഹാ വീണ്ടും ഉദ്ബോധിപ്പിക്കുന്നു ''അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്ക് മിശിഹായിൽ പാപമോചനവും അവന്റെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു" (എഫേ 1,7). "ഒരിക്കൽ വിദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ഈശോമിശിഹായിൽ അവന്റെ രക്തം വഴി സമീപസ്ഥരായിരിക്കുന്നു" (എഫേ 2,13).


ഈശോമിശിഹായുടെ രക്ഷാകരമായ ശരീരരക്തങ്ങളുടെ ബലിയാണ് പരിശുദ്ധ കുർബാന. ഇവിടെ നാം ഈശോയുടെ ബലി ആഘോഷിക്കുന്നു. അതിന്റെ ഫലം അനുഭവിക്കുന്നു. മനുഷ്യരക്ഷ മനുഷ്യനിർമ്മിതമായ യാതൊരു പദ്ധതിക്കും സാധ്യമല്ല.



### മംഗലവാർത്ത-പിറവിക്കാലം

മംഗലവാർത്തയും പിറവിയും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മംഗലവാർത്ത-പിറവിക്കാലം രണ്ടല്ല, ഒരു കാലം തന്നെയാണ്. ആരാധനാവത്സരത്തിന്റെ ആരംഭം കുറിക്കുന്നത് മംഗലവാർത്ത-പിറവിക്കാലത്തോടെയാണ്. നവംബർ 27 നും ഡിസംബർ 3 നുമിടയ്ക്ക് വരുന്ന ഞായറാഴ്ചയാണ് ഈ കാലം ആരംഭിക്കുന്നത്. മലബാർ കത്തോലിക്കർ ഈ കാലഘട്ടത്തിലാണ് ഇരുപത്തഞ്ചുനോമ്പ് അനുഷ്ഠിക്കുന്നത്. ▶▶



# സ്ത്രീയേ നിന്റെ വിശ്വാസം വലുതാണ്...

നിഖിത ജേക്കബ് മങ്ങാട്ട്

"ഈശോ അവിടെ നിന്ന് പുറപ്പെട്ട് ടയർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തി. അപ്പോൾ ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു; കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. എന്നാൽ, **അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല.** ശിഷ്യന്മാർ അവനോട് അഭ്യർത്ഥിച്ചു. അവളെ പറഞ്ഞയച്ചാലും; അവൾ പിന്നാലെവന്ന് നിലവിളിക്കന്നല്ലോ. അവൻ മറുപടി പറഞ്ഞു: "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു. അവൻ പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല. അവൾ പറഞ്ഞു: അതേ കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുണ്ടല്ലോ. ഈശോ പറഞ്ഞു സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയം അവളുടെ പുത്രി സൗഖ്യമുള്ളവളായി" (മത്താ 15:21-28).

നിന്റെ ജീവിതത്തിന്റെ ഇന്നലെകളിലെ നിലവിളികളിലൊക്കെ "അവൻ ഒരു വാക്കുപോലും ഉത്തരം പറയാത്ത അനുഭവങ്ങളില്ലേ...? ജീവിതത്തിൽ അടിക്കടി സംഭവിക്കുന്ന അനിഷ്ടങ്ങളിൽ, തകർച്ചകളിൽ... വർഷങ്ങളായുള്ള ജീവിതപങ്കാളിയുടെ മദ്യപാനം ഒന്നു നിർത്താനുള്ള പ്രാർത്ഥനയിൽ.... ഒരു കുഞ്ഞിനായുള്ള നെഞ്ചുകീറിയുള്ള കരച്ചിലിൽ... ജോലിക്കായുള്ള നിരന്തര അലച്ചിലിൽ... ഇങ്ങനെ ഒരുപാടൊരുപാട്...."

രണ്ട് കോടിയിലധികം കടവുമായി മുന്നോട്ടുപോകുന്ന കയർ ഫാക്ടറി. ഒരുവിധത്തിലും കടം അടച്ചുതീർക്കാൻ ഗത്യന്തരമില്ലാതെ, ഫാക്ടറി വില്ക്കുവാൻ തീരുമാനത്തിലെത്തി. ഈ തീരുമാനത്തിന്റെ പ്രതികരണമെന്നോണം തൊഴിലാളികൾ ഫാക്ടറിക്കുമുമ്പിൽ കൊടികളേന്തി കുത്തിയിരിപ്പായി. അവരെ ഒന്നൊഴിവാക്കണമെങ്കിൽ 10 ലക്ഷത്തോളം കൈക്കാശുവേണം. എല്ലാം മാനേജരുടെ ഉത്തരവാദിത്വമെന്നവണ്ണം മേലധികാരികൾ കൈയൊഴിഞ്ഞ മട്ട്... ജീവിതം തമസ്ക്കരക്കപ്പെട്ട നിമിഷങ്ങൾ... പാവപ്പെട്ട ഈ മക്കളുടെ നാളത്തെ അന്നമാണല്ലോ ഒറ്റദിവസംകൊണ്ട് അടച്ചുപൂട്ടിയത് എന്ന ഹൃദയവ്യഥ ഒരുവശത്ത്... പരിയവസാനം സമാധാനപൂർണ്ണമാക്കുവാനുള്ള ആകുലതയും ആധിയും മറുവശത്ത്. ഈ അവ




സ്ഥയിൽ പ്രാർത്ഥിക്കണം എന്നു പറയാൻ എന്നെ വിളിച്ചതാണ് മാനേജർ... എല്ലാം ഇട്ടെറിഞ്ഞ് നല്ല നാല് വാക്കും പറഞ്ഞ് ഇറങ്ങിപ്പോരുക, നിനക്കെന്ത് ഉത്തരവാദിത്വം എന്ന എന്റെ ഉപദേശത്തിന് അദ്ദേഹം സ്വീകരിച്ച പ്രവൃത്തി എന്നെ അത്ഭുതപ്പെടുത്തി. ചരൽ വിരിച്ച ഫാക്ടറി മുറ്റത്ത് നട്ടുച്ചവെയിലത്ത് കരം വിരിച്ച് ജപമാലയും കരുണക്കൊന്തയും ചൊല്ലി വിശ്വാസത്തിന്റെ ഫലം അനുഭവവേദ്യമാക്കിയ മേലധികാരികളുടെ മനസ്സിൽ തമ്പുരാൻ പ്രവർത്തിക്കുവാൻ ഇടവരുത്തിയ മറ്റൊരു കാനാൻകാരിയെ കാണാൻ കഴിഞ്ഞു.

സഹന സ്നാനങ്ങളൊക്കെയും നിനക്ക് അനുവദിക്കുക തമ്പുരാനാണെന്ന് വിശുദ്ധ ഗ്രന്ഥത്തിലെ ജോബ് ഇത്തിരി ഉച്ചത്തിൽ വിളിച്ചോതുന്നത് ചെവിയൊന്നു ചായ്ച്ചാൽ നിനക്ക് കേൾക്കാനാവും. പൊള്ളുന്ന മണലാരണ്യത്തിലൂടെ നിന്നെ വഴിനടത്തുന്നതും അവൻതന്നെ എന്ന മോശയുടെ ശബ്ദം നീ കേൾക്കുന്നുണ്ടോ? അനുദിനജീവിതത്തിലെ സങ്കടപ്പെരുമഴയിലൂടെ തനിയെ നടക്കുമ്പോൾ, മരുഭൂമിയനുഭവങ്ങളിൽ തകർച്ചയുടെ മണൽക്കാറ്റേറ്റു നീങ്ങുമ്പോൾ വിശ്വാസത്തിന്റെ ഉറപ്പിൽ, അദൃശ്യമായ കരുത്തുറ്റ കരങ്ങളിൽ മാത്രം ഇറുകിപ്പിടിച്ച് ജീവിതത്തെ, കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകുവാൻ നിനക്കാവുന്നുണ്ടോ? അതോ എന്തുപ്രാർത്ഥന! ഞാൻ ചോദിച്ചു മടുത്തു! എന്നീ നിരാശകലർന്ന വിചാരങ്ങളുമായി വേഗം ഉത്തരം ലഭിക്കുന്ന ഇടം തേടിയുള്ള യാത്രാമദ്ധ്യേയാണോ നീ... തിരികെ നടക്കാം.... കാനാൻകാരിയെപ്പോലെ... കർത്താവേ, എന്നെ സഹായിക്കണമേ എന്നുറക്കെ ഒന്നു നിലവിളിക്കുവാൻ, ദൈവമക്കളുടെ അവകാശത്തെ ഒരു ശിശുവിന്റെ ശാഠ്യത്തോടെ ഇരുകരങ്ങളാൽ പിടിച്ചുവാങ്ങുവാൻ നിനക്കാവണം...


കാനാൻകാരിയെ, അവളുടെ യാചനകളെ കർത്താവ് തെല്ലും പരിഗണിക്കുന്നതായി സുവിശേഷത്തിൽ കാണുന്നില്ല. മറിച്ച് അവഗണിക്കുന്ന അനുഭവങ്ങളാണ് ദർശിക്കുവാനാവുക. എന്നാൽ വലിയ ഒരു ഉൾക്കാഴ്ചയിലേക്കാണ് തമ്പുരാൻ കരം പിടിച്ച് കൂട്ടിക്കൊണ്ടുപോവുക. **അവൻ അവഗണിക്കുന്നതായി തോന്നുന്ന അവസരങ്ങളെല്ലാം കൂടുതൽ പരിഗണിക്കുന്നതിനായി അവൻ തന്നെ ഒരുക്കുന്ന നിമിഷങ്ങളാ....** അവസാനം 'സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്, നീ ആഗ്രഹിക്കുന്നതുപോലെ നിനക്കുഭവിക്കട്ടെ' എന്നു പറഞ്ഞ് അനുഗ്രഹത്തിന്റെ നീർച്ചാലൊരുക്കുന്നവൻ. എല്ലാ മരുഭൂമിയനുഭവങ്ങളേയും കർത്താവിന്റെ കരുതലിന്റെ, പരിപാലനയുടെ വേളകളായി കണ്ടെടുക്കാനാവണം. പൊള്ളുന്ന അനുഭവങ്ങളുടെ പിന്നാലെ ഒരു സാന്ത്വനത്തിന്റെ കുളിർത്തെന്നൽ അവൻ നൽകും എന്ന വിശ്വാസം.... അതായിരിക്കണം നിന്നെ അവസാനത്തോളം സന്തോഷത്തോടെ, വഴിനടത്തേണ്ട കാരണവും...

**മംഗലവാർത്ത - പിറവിക്കാലം**

അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മിശിഹായുടെ മനുഷ്യത്വത്തെയും ദൈവത്വത്തെയും സംബന്ധിച്ച് പൗരസ്ത്യരുടെ ഇടയിലുണ്ടായ തർക്കത്തോടനുബന്ധിച്ചാണ് ഈ കാലത്തിന് ആരംഭം കുറിച്ചത്. ഈ കാലത്തിലെ വി. ഗ്രന്ഥവായനയിലൂടെ മനുഷ്യാവതാരത്തോട് അനുബന്ധിച്ചു നടന്ന ചരിത്രസംഭവങ്ങളുടെ ക്രമാനുഗതമായ അനുസ്മരണം നടത്തുന്നു. അതോടൊപ്പം യാമപ്രാർത്ഥനയിലൂടെ രക്ഷാകര രഹസ്യങ്ങളുടെ ദൈവശാസ്ത്രവശം ചിന്താവിഷയമാക്കുന്നു.





# സ്വാതന്ത്ര്യവും മാനസാന്തരവും

**Sqn.Ldr.K.S.Mathew (Retd)**
Changanacherry

ആദിയിൽ കർത്താവ് മനുഷ്യനെ സൃഷ്ടിച്ചു; അവനു സ്വാതന്ത്ര്യവും നല്കി (പ്രഭാ 15:14). ശരിയായ സ്വാതന്ത്ര്യമോ മനുഷ്യനിലുള്ള ദൈവികച്ഛായയുടെ അന്യാദൃശ്യമായ അടയാളമാണ്. കാരണം സ്വന്തം തീരുമാനങ്ങളുടെ നിയന്ത്രണത്തിൽ മനുഷ്യൻ വ്യാപരിക്കണമെന്നാണ് ദൈവേഷ്ടം. എങ്കിൽ മാത്രമേ തന്റെ സ്രഷ്ടാവിനെ സ്വമേധയാ തേടാനും അവിടുത്തോടുള്ള യോജിപ്പിലൂടെ കേവലവും പരമാനന്ദനിർഭരവുമായ പൂർണ്ണതയിലേക്ക് സ്വതന്ത്രമായി വരാനും അവനു കഴിയുകയുള്ളൂ (GS 17). ഏതവസ്ഥയിലാണെങ്കിലും താൻ ദൈവത്തിന്റെ സ്വന്തമാണെന്ന ബോധ്യമാണ് ദൈവമക്കളുടെ സ്വാതന്ത്ര്യം. ഈ ബോധ്യത്തിൽ ദൈവഹിതത്തോടു ചേർന്ന് പ്രവർത്തിക്കുമ്പോൾ മനുഷ്യൻ നന്മയുടെ ഉടമയാകുന്നു. മറിച്ച് താൻ പൂർണനെന്ന ഭാവേന സ്വന്തം കാര്യപ്രാപ്തിക്കായി ദൈവഹിതത്തിനു വിപരീതമായി പ്രവർത്തിക്കുമ്പോൾ അവൻ തിന്മയുടെ ഉടമയുമാകുന്നു. അങ്ങനെ മനുഷ്യൻ ചെയ്യുന്ന നന്മതിന്മകൾക്ക് അവൻ തന്നെ ഉത്തരവാദിയാകുന്നു. മനുഷ്യൻ ചെയ്യുന്ന തിന്മകൾക്ക്, അവനെ സൃഷ്ടിച്ച് അവന്റെ നന്മതിന്മകൾ പരിഗണിക്കാതെ അവനെ സ്നേഹിക്കുന്ന ദൈവത്തിന് യാതൊരു പങ്കുമില്ല. അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അവനു മാത്രമാണ്. മനുഷ്യൻ ചെയ്യുന്ന പാപങ്ങൾക്ക് അവൻതന്നെയാണ് ഉത്തരവാദിയെങ്കിലും അവന്റെ നേരെ ദൈവം കണ്ണടയ്ക്കുന്നില്ല. അവനെ ശിക്ഷയ്ക്കു വിധിക്കാതെ തന്റെ ഏകജാതനെ നല്കി ദൈവം അവനെ രക്ഷിക്കുന്നു (യോഹ 3,16-17). ദൈവത്തിന്റെ ഈ രക്ഷാകരപദ്ധതിയോട് സഹകരിച്ച് അനുതാപത്തിലേക്ക് വരുവാനുള്ള കടമ മനുഷ്യന്റേതാണ് (റോമ 2:4). ഇത് സാധ്യമാകുന്നത് മനുഷ്യൻ ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ ദൈവത്തിലേക്ക് തിരിയുമ്പോഴാണ്. സ്വതന്ത്രമായ അവസ്ഥയിൽ മാത്രമേ നന്മയിലേയ്ക്ക്




**മംഗലവാർത്ത – പിറവിക്കാലം**

മാലാഖയുടെ സന്ദേശം മംഗലവാർത്ത യായിത്തീർന്നത് മാതാവ് അതിന് സമ്മതം കൊടുത്തപ്പോഴാണ്. പരി. കന്യാമറിയത്തിന് ഈ കാലത്തിൽ വള രെയേറെ പ്രാധാന്യം കൊടുക്കുന്നുണ്ട്. പരി. മറിയം രക്ഷകനെ സംവഹിക്കു കയും (ലൂക്കാ 2,5) ലോകത്തിന് പ്രദാനം ചെയ്യുകയും ചെയ്തതുപോലെ നാമും മിശിഹായെ വഹിക്കുന്നവരും മിശി ഹായെ മറ്റുള്ളവർക്ക് കൊടുക്കുന്നവരു മാകണം. ⏩

തന്നെത്തന്നെ തിരിക്കാൻ മനുഷ്യനു കഴിയുക യുള്ളൂ (GS 17).

ചുരുക്കത്തിൽ ദൈവമക്കളുടെ സ്വാതന്ത്ര്യം ദുരുപയോഗിച്ച് പാപം ചെയ്ത മനുഷ്യൻ അതേ സ്വാതന്ത്ര്യത്തിൽ നിന്നുകൊണ്ട് ചെയ്ത തെറ്റുകളെപ്പറ്റി പശ്ചാത്തപിച്ച് ഈശോ യിലുള്ള വിശ്വാസത്തിലേക്ക് തിരികെ വരുന്ന താണ് മാനസാന്തരം (മർക്കോ 1,15). യഥാർത്ഥ മാനസാന്തരത്തിലേക്ക് വരുവാൻ ദൈവമക്ക ളുടെ സ്വാതന്ത്ര്യം കൂടിയേ തീരൂ.

**മാനസാന്തരം സുവിശേഷത്തിന്റെ വെളിച്ച ത്തിൽ**

വേദപുസ്തകം ഉപയോഗിച്ച് വെളിപാടുകൾ വിശദീകരിക്കുമ്പോൾ സുവിശേഷങ്ങൾക്ക് പ്രഥമസ്ഥാനം നല്കണമെന്നതാണ് കത്തോ ലിക്കാസഭയുടെ നിലപാട്. കൗൺസിൽ പിതാ ക്കന്മാർ ഇപ്രകാരം പഠിപ്പിക്കുന്നു: "വി. ഗ്രന്ഥ സമുച്ചയത്തിൽ പ്രത്യേക പ്രാധാന്യം അർഹി ക്കുന്നത് സുവിശേഷങ്ങളാണെന്നത് സുവിദിത മാണ്. കാരണം മനുഷ്യനായി അവതരിച്ച വചനമായ നമ്മുടെ രക്ഷകന്റെ ജീവിത പ്രബോധനങ്ങളെ സംബന്ധിച്ച പ്രമുഖ സാക്ഷ്യങ്ങളാണവ.... അവയാണ് നമ്മുടെ വിശ്വാസത്തിന്റെ അസ്ഥിവാരം. മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവരുടെ നാലു സുവിശേഷങ്ങളാണവ" (DV 18).

മാനസാന്തരത്തിന്റെ ചിത്രം ഈശോ അതിമ നോഹരമായി നമ്മെ വരച്ചുകാട്ടുന്നത് ധൂർത്ത പുത്രന്റെ ഉപമയിലൂടെയാണ് (ലൂക്കാ1,11–24). ഇതിൽ ധൂർത്തപുത്രന്റെ മനോഭാവവും ബോധ്യങ്ങളും വാക്കുകളും പ്രവൃത്തികളും രക്ഷാകരമായ പശ്ചാത്താപത്തിന്റെയും (2 കോറി 7:10) അനുരഞ്ജനത്തിന്റെയും ഉത്തമ മാതൃകയാണ്. പന്നി തിന്നിരുന്ന തവിടു പോലും വിശപ്പടക്കുവാൻ കിട്ടാതെവന്ന പ്പോൾ ധൂർത്തപുത്രന് സുബോധമുണ്ടായി. അപ്പോൾ അവന്റെ അധരത്തിൽനിന്നും ആദ്യം വരുന്നത് 'എന്റെ പിതാവിന്റെ' എന്ന വാക്കുക ളാണ്. അതായത് പിതാവിൽനിന്നും വളരെ അകലെ ആയിരുന്നപ്പോഴും പിതാവിനെപ്പറ്റി യുള്ള ചിന്തയും ബന്ധവും അവന്റെ ഉള്ളിൽ നിലനിന്നിരുന്നു. "എന്റെ പിതാവിന്റെ ഭവന ത്തിൽ എത്രയോ ദാസന്മാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു. ഞാനോ ഇവിടെ വിശ ന്നു മരിക്കുന്നു!" (ലൂക്കാ 15:17). പിതാവിന്റെ ഭവനത്തിൽ ദാസന്മാരേക്കാൾ കൂടുതൽ സുഖ സൗകര്യങ്ങൾക്ക് താൻ അർഹനാണെന്നുള്ള ബോധ്യമാണ് ധൂർത്തപുത്രനെ നയിക്കുന്നത്.

തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ് പിതാ വിന്റെ ഭവനത്തിലേക്ക് തിരകെ പോകുവാൻ അവൻ തീരുമാനം എടുത്തു. പിതാവിനെ കണ്ട മാത്രയിൽ അവൻ തന്റെ പാപങ്ങൾ ഏറ്റു പറയുന്നു. പിതാവാകട്ടെ മകന്റെ ഏറ്റുപറച്ചിൽ ശ്രദ്ധിക്കുന്നേ ഇല്ല. അവന്റെ ശോചനീയ അവസ്ഥയും പരിഗണിക്കുന്നില്ല. അവനെ ചുംബിക്കുന്നു, അവനെ മേൽത്തരം വസ്ത്രം അണിയിക്കുവാൻ ദാസന്മാരോടു കല്പി ക്കുന്നു. വിരുന്നൊരുക്കി ആഹ്ലാദിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നു. ഈ പിതാ വിന്റെ വലിയ സ്നേഹമാണ് പരിശുദ്ധ കുമ്പ സാരത്തിലൂടെ നമുക്ക് ലഭിക്കുന്നത്. പ്രസാദ വരമാകുന്ന മേൽത്തരം വസ്ത്രം നമ്മെ ധരിപ്പി ക്കുവാൻവേണ്ടി സഭ അധികാരപ്പെടുത്തിയിരി




ക്കുന്ന ദൈവത്തിന്റെ ദാസന്മാരാണ് കുമ്പസാര ക്കൂട്ടിൽ ഇരിക്കുന്ന ഒരോ വൈദികനും.

**ഈശോയുടെ മനോഭാവം**

പാപബന്ധനത്തിൽ കഴിയുന്നവരോടുള്ള ഈശോയുടെ മനോഭാവമാണ് നമ്മെ നയി ക്കേണ്ടത്. ഈശോ തന്റെ അമ്മയെ അഭി സംബോധന ചെയ്തത് സ്ത്രീയേ എന്നാണ്. ഈ പദപ്രയോഗത്തിന്റെ അർത്ഥം ഈശോ യുടെ സംസാരഭാഷയായ അറമായ ഭാഷയുടെ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കേണ്ടത്. അത് എന്തുതന്നെയായാലും ഈശോയുടെ അമ്മ പരമപരിശുദ്ധയും സ്ത്രീത്വത്തിന്റെ പൂർണ്ണതയുമാണെന്നതിൽ നമുക്ക് സംശയം ഇല്ല. ഈശോയ്ക്കും അത് അറിയാമായിരുന്നു. വ്യഭിചാരത്തിൽ തെളിവു സഹിതം പിടിക്ക പ്പെട്ട സ്ത്രീയെ ഈശോയുടെ അടുക്കൽ കൊണ്ടുവന്നപ്പോൾ, അവൻ അവളെ അഭിസം ബോധന ചെയ്തത് സ്ത്രീയേ എന്നാണ്. അവൾ സ്ത്രീത്വത്തിന്റെ പരിശുദ്ധി പൂർണ്ണ മായും കളങ്കപ്പെടുത്തിയവളും വധശിക്ഷ അർഹിക്കുന്ന പാപം ചെയ്തവളുമായിരുന്നു. എന്നിട്ടും സമൂഹമദ്ധ്യ ത്തിൽ ഈശോ അവ ളുടെ അഭിമാനം ഉയർ ത്തുവാൻവേണ്ടി "നിങ്ങ ളിൽ പാപം ഇല്ലാത്ത വൻ ആദ്യം അവളെ കല്ലെറിയട്ടെ" (യോഹ 8:7) എന്ന് പറയുന്നു. എല്ലാവരും പോയിക്ക ഴിഞ്ഞപ്പോൾ മേലിൽ പാപം ചെയ്യരുതെന്ന് അവളെ ഈശോ ഉപദേ ശിച്ചു (യോഹ 8:11).

സമരിയാക്കാരി സ്ത്രീ യോടും ഈശോയുടെ സമീപനം ഇതുതന്നെ യായിരുന്നു (യോഹ 4,1-42).


**മംഗലവാർത്ത - പിറവിക്കാലം**

ഞായറാഴ്ചകളിലെ
വിശുദ്ധഗ്രന്ഥവായനകൾ

1. ലൂക്കാ 1,1-25; എഫേ 5,21-6,4
2. ലൂക്കാ 1,26-56; കൊളോ 4,2-18
3. ലൂക്കാ 1,57-80; എഫേ 3,1-21
4. മത്താ 1,18-25; എഫേ 5,5-21
5. മത്താ 2,1-23; ഗലാ 4,21-5,1
6. ലൂക്കാ 2,21-52; 2 തിമോ 2,16-26 ▶▶

രഹസ്യമായിട്ടാണ് ഈശോ അവളുടെ പാപാവസ്ഥ അവൾക്ക് വെളിപ്പെടുത്തികൊടു ക്കുന്നത്. ഈശോ അവളെയും സ്ത്രീയേ (യോഹ 4,20) എന്നു തന്നെ അഭിസംബോധന ചെയ്യുകയും വലിയ ദൈവികരഹസ്യങ്ങൾ അവൾക്ക് വെളിപ്പെടുത്തികൊടുക്കുകയും ചെയ്തു (യോഹ 4,22-26) (തുടരും).





# മനുഷ്യൻ 'മനുഷ്യനാകാൻ' ദൈവം മനുഷ്യനായി

**ലീന അറയ്ക്കൽ**

*"എല്ലാവരെയും രക്ഷിക്കേണ്ടതിന്
ഞാൻ എല്ലാവർക്കും എല്ലാമായി" (1 കോറി 9,22).*

സ്നേഹത്തിന് ഒന്നും സ്വന്തമായി സൂക്ഷിക്കാനാവില്ല. സ്നേഹം എപ്പോഴും സ്വയം കൊടുത്തു കൊണ്ടിരിക്കും. ജ്വലിച്ചുകൊണ്ടിരിക്കുന്ന സൂര്യന് ചൂടും വെളിച്ചവും സ്വയം മറച്ചുവയ്ക്കാനാവാത്തതുപോലെ പൂർവ്വകാലങ്ങളിൽ പ്രവാചകൻമാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും പിതാക്കൻമാരോട് സംസാരിച്ച പിതാവായ ദൈവം അവസാന നാളുകളിൽ തന്റെ പുത്രൻ വഴി നമ്മോട് സംസാരിക്കാൻ ഇടയായത് അവിടുന്ന് സ്നേഹമായതിനാലാണ്. പുത്രനായ ദൈവത്തെ അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു, അവിടുത്തെ ഹിതം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് മനുഷ്യാവതാരം ചെയ്യിച്ചതും ഈ സ്നേഹം തന്നെയാണ്. ജീവൻ പ്രദാനം ചെയ്തുകൊണ്ട് നമ്മുടെ മർത്ത്യശരീരത്തിൽ വസിക്കാൻ പരിശുദ്ധാത്മാവായ ദൈവത്തെ നിർബന്ധിപ്പിക്കുന്നതും സ്നേഹമല്ലാതെ മറ്റൊന്നുമല്ല. ഈ സ്നേഹത്തിന്റെ അവതാരമായി നാമോരോരുത്തരും മാറേണ്ടതുണ്ട്.

**ദൈവത്തോട്:** സ്വപുത്രനെ പോലും മാറ്റിവയ്ക്കാതെ നമുക്കായി നല്കിയ അവിടുത്തെ സർവ്വ ശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുക.

**മറ്റുള്ളവരോട്:** മിശിഹാ മനുഷ്യനായി നമ്മുടെ ഇടയിൽ വസിച്ചത് ഇന്നും തുടരുന്നതിനായി അനുദിനം മിശിഹായായി അവരുടെ മുന്നിൽ അവതരിക്കുക.

**നമ്മോടുതന്നെ:** മനുഷ്യനാകാൻ തടസ്സമായവയെല്ലാം മാറ്റിവച്ച ഈശോയെപ്പോലെ എളിമപ്പെടാൻ തടസ്സമായവയെല്ലാം ദൂരെയകറ്റുക.


**സാഹചര്യങ്ങളോട്:** ജനിക്കുവാനിടയായ പുല്ത്തൊട്ടിയിലൂടെ സാഹചര്യത്തെ സ്വീകരിച്ച ഈശോയെപ്പോലെ അനുദിന ജീവിത സാഹചര്യങ്ങളിൽ സന്തോഷത്തോടെ വ്യാപരിക്കുക.

വിശുദ്ധിയുടെ മുത്തുകൾക്ക്

ഈണമിട്ടുപാടാം

# പന്നികുട്ടനും പാപവും

അമ്മേ അമ്മേ നമ്മുടെ വീട്ടിലെ
പന്നിക്കുട്ടൻ കുഴിമടിയൻ
ചെളിയിൽനിന്നും കയറാതങ്ങനെ
ആർത്തുതിമിർത്തു നടക്കുന്നു
വെളുവെളെ വെളുത്തോരവനുടെ ദേഹം
കരിതേച്ചതുപോലായ്പ്പോയ്
കുഞ്ഞേ കുഞ്ഞേ അതുപോൽനാമും
പാപക്കുഴിയിൽ വീണാലോ
വെളുവെളെ വെളുത്തൊരു നമ്മുടെ ആത്മം
കരിതേച്ചതു പോലായീടും
പറയാം ഗുഡ്ബൈ പാപത്തോടും
സൂത്രക്കാരൻ സാത്താനോടും



**പൊന്നു സിറിയക്, പുറ്റടി**

കാത്തിരിക്കുക...
അടുത്തലക്കം മുതൽ
സമ്മാനത്തിനായി



വിശുദ്ധിയുടെ മുത്തുകൾക്ക്



# ഉണ്ണീശോയുടെ മുഖം


"മോളെ, എഴുന്നേൽക്ക്, നിനക്കിന്ന് പള്ളിയിൽ പോകണ്ടേ", ചാടി പിടഞ്ഞെഴുന്നേറ്റ ചിന്നു മോൾ 25 നോമ്പിലെ എല്ലാ ദിവസവും പള്ളിയിൽ പോകാൻ താൻ തീരുമാനിച്ചിരുന്ന കാര്യം ഓർത്തു. പെട്ടെന്ന് മുഖം കഴുകി അവൾ തയ്യാറായി. "ഇന്ന് മോളെന്താ ഈശോയ്ക്ക് സമ്മാനം കൊടുക്കുന്നത്?" അമ്മേ... ഞാനിന്ന് ഈശോയ്ക്ക് ഒരു കുഞ്ഞുടുപ്പാ സമ്മാനം കൊടക്കുന്നത്. അതിനായി ഈ പൈസ ഞാൻ പള്ളിയിൽ സമർപ്പിക്കും". തലേദിവസം പപ്പാ മിഠായി വാങ്ങാൻ കൊടുത്ത 5 രൂപ അവൾ അമ്മയെ കാണിച്ചു.. ശരി മോളെ...വേഗം പൊയ്ക്കോ... അമ്മ അവളെ യാത്രയാക്കി... വഴിയുടെ അരിക് ചേർന്ന് ചിന്നുമോൾ വേഗം നടന്നു. ഡിസംബർ മാസത്തിലെ പ്രഭാതകുളിര് അവളുടെ മനസ്സിന് കൂടുതൽ ഉന്മേഷം നല്കി.

"മോളെ...വല്ലതും തരണേ..." ഉറക്കെയുള്ള ഈ വിളി കേട്ട് ചിന്നുമോൾ നിന്നു. തിരിഞ്ഞു നോക്കി... കീറിപ്പറിഞ്ഞ വസ്ത്രമുടുത്ത ഒരമ്മൂമ്മ. "മോളെ വല്ലതും തരണേ"... അമ്മൂമ്മ വീണ്ടും യാചിച്ചു. തന്റെ കൈയിലിരിക്കുന്ന 5 രൂപയിലേയ്ക്കും, അമ്മൂമ്മയുടെ മുഖത്തേക്കും അവൾ മാറിമാറി നോക്കി. "അയ്യോ, ഈ പൈസ അമ്മൂമ്മയ്ക്ക് കൊടുത്താൽ ഈശോയ്ക്ക് ഞാൻ എങ്ങനെ കുഞ്ഞുടുപ്പ് കൊടുക്കും". അമ്മൂമ്മയെ അവഗണിച്ച് അവൾ പള്ളിയിലേ ക്കോടി... കുർബാന കഴിഞ്ഞ് പൈസ കാഴ്ച സമർപ്പിച്ച് അവൾ വീട്ടിലെത്തി... മുറ്റം തൂക്കു കയായിരുന്ന അമ്മയോട് അമ്മൂമ്മയുടെ കാര്യം വിവരിച്ചു. "ആ അഞ്ചുരൂപാ അമ്മൂമ്മയ്ക്ക് കൊടുത്തുകൂടായിരുന്നോ? അതു ഉണ്ണീശോയാ നിന്റെ അടുക്കൽ വന്നത്..." ഇതു കേട്ട് അവൾക്ക് ചിരി വന്നു. "ഉണ്ണീശോ ഇങ്ങനെ കീറിപ്പറിഞ്ഞ ഉടുപ്പിട്ടോ ണ്ടാണോ വരുന്നത്"? ചിന്നുമോളെ തന്റെ അരികിലേക്ക് ചേർത്തു നിർത്തി അമ്മ പറഞ്ഞു: "മോളേ, ഉണ്ണീശോ വരുന്നത് എപ്പോഴും ചെറിയവരിൽ ചെറിയവനായിട്ടാ... നമ്മുടെ ചുറ്റുമുള്ള പാവപ്പെട്ടവ രിലൂടെയും, മോളുടെ കൊച്ചുകൂട്ടുകാരിലൂടെയും, വസ്ത്രവും ഭക്ഷ ണവും ഒന്നും ആവശ്യത്തിനില്ലാത്തവരിലൂടെയും ഒക്കെയാ. അവരെ നമ്മൾ സഹായിക്കുമ്പോൾ ഉണ്ണിശോയ്ക്കാണ് നാം കൊടുക്കു ന്നത്". ഇതുകേട്ട് ചിന്നുമോളുടെ മുഖം വാടി. "അപ്പോൾ ഇന്നിനി ഉണ്ണീശോ എന്നോട് കൂട്ടുകൂടില്ലായിരിക്കും അല്ലേ അമ്മേ?"... അവ ളുടെ കൊച്ചുകവിളിൽ തലോടി അമ്മ പറഞ്ഞു: "ഇല്ല മോളെ,... ഈശോയ്ക്ക് നിന്നോട് പിണങ്ങാൻ കഴിയുമോ? മോൾ അറി വില്ലാതെ ചെയ്തതല്ലേ... ഇനി അങ്ങനെ ചെയ്യാതിരുന്നാൽ മതി"... "ശരി അമ്മേ..." ചിന്നുമോളുടെ മുഖം വീണ്ടും പ്രകാ ശിച്ചു.



**ലിഡാ മരിയ മാത്യു, വണ്ടൻമേട്**




# REASONS FOR THE YOUTH DO NOT COME TO THE CHURCH

**Fr. AbrahamTharmassery**
Youth Director Changanacherry

**Suspicion and distrust on an Organized Church**

Many youngsters look with suspicion and distrust on organized church that offer many a time solutions unsatisfactory to them. Although the youth of today do not take religion for granted any longer, it would be wrong to conclude that they are throwing off religion together: We cannot forget the fact that we are living through a period when the younger generation does not take religion for granted any longer…they will accept religion only if it appears personally useful and meaningful to them…they reject religion only to the extent that it appears meaningless to them. Otherwise they are in search of true religion with an intensity and sincerity hardly ever seen before… What young expect from religion is a way of liberation from deep seated human problems. It is clear that today's youth do not believe in an organized or institutionalized church which does not appear personally useful and meaningful to them. So many youngsters do not find any meaning to come to the church.

**Conflicts within the Church**

Young people have a noble concept of Church. They consider Church as something which contributes to the unity of mankind, something which brings peace and serenity into a chaotic and turbulent world. Their experience belies their trust. But today conflicts within the Church and among the rites have often become the cause of bitter rivalries and bloodshed. So Youth feels that even within the Church there is no peace and unity then how can Church provide peace and unity to them so they do not come to the Church.

### Wrong Influence of Church Leaders

Today increasing problems among the Church authorities, mainly problems with regard to priests and religious leaders make the youth to move away from the Church. According to youth, Church leaders are only those who merely instruct the values. They do not practice it in their lives. Youth find church leaders are failing to live up to their own words. Youth do not find any Church model that they can trust and follow.

### Lack of Church Instruction

Religious faith is like a 'seedling' it needs to grow. This growth is possible only if there is proper religious guidance and instruction. But such instruction is sadly unavailable to the majority of our youth. Hence youth develop a distorted view of religion. They fail to distinguish between genuine religious doctrine and the spurious elements that have crept into religion through the centuries. Thus many of the young begin to think that religion has no place in modern age because some of the demands of religion seem to be incompatible with man's understanding of himself and his environment. Today Church in one way or another way fails to give an answer for the physical, psychological and sociological problems of youth.  Today most of the youth are still in dilemma about Church in their lives. So what is necessary is to bring these youth to religion in such a manner which will help them in their lives.

### Less participation in the Church activities

Today most of the youth feel Church is for the older age people not for them because all the church activities are run by the old age group and the youth have nothing to do with church activities. Since they have less participation in the church activities they find meaningless in coming to the church where they have no place.

## *Jesus Our Saviour*

Oh! hear the lamentation from Gagultha
It is for me, it is for you
It is for absolution of sins of the entire world
We have been worthfully graciously saved

You are the saviour Lord, for
you redeemed mankind by taking our sins
upon yourself
Oh Lord! have mercy on us,
for we are avid, absurd and ruthless

We live in thy bulwark,
Capitulated to thy words
for you know us before we take
birth in our mothers' womb

We plead for  thy clemency,
to lead us in our way
for the path is gloomy, the birdges are cranky,
but our hope and salvation rest in thee
Oh Lord! forgive me, when I whine,
when you guide me, the world is mine.



**Athira Elizabeth Maximin**
**Chothirakunnel**







രണ്ടാംവത്തിക്കാൻ കൗൺസിലെ "ദൈവാവിഷ്കരണം" (Dei verbum) എന്ന പ്രമാണരേഖയ്ക്കുശേഷം ദൈവിക വെളിപാടും വി. ലിഖിതവും സംബന്ധിച്ച് തിരുസ്സഭ പുറത്തിറക്കിയിരിക്കുന്ന ഏറ്റം ശ്രദ്ധേയമായ പ്രബോധനമാണ് "കർത്താവിന്റെ വചനം" (Dei verbum) എന്ന സിനഡനന്തര ശ്ലൈഹിക ഉദ്ബോധനം. കൗൺസിൽ കഴിഞ്ഞിട്ട് അര നൂറ്റാണ്ട് ആയെങ്കിലും കൗൺസിൽരേഖകളുടെ പ്രഭയും പ്രാധാന്യവും ഇന്നും ഒളിമങ്ങിയിട്ടില്ല. എന്നു മാത്രമല്ല, കൗൺസിൽ പ്രബോധനങ്ങൾ അവയുടെ യഥാർത്ഥചൈതന്യത്തിൽ ഇന്നും പൂർണ്ണമായി സ്വീകരിക്കപ്പെട്ടിട്ടുമില്ല. കൗൺസിൽരേഖകൾ വീണ്ടും വായിക്കാനും ശരിയായ രീതിയിൽ വ്യാഖ്യാനിക്കാനും ഉദ്ദേശിച്ചാണ്, കൗൺസിലിന്റെ സുവർണ്ണജൂബിലി പശ്ചാത്തലത്തിൽ, ബെനഡിക്റ്റ് 16-ാമൻ മാർപാപ്പാ "വിശ്വാസവർഷം"തന്നെ പ്രഖ്യാപിച്ചിരിക്കുന്നത്. ആധുനികബൈബിൾ വ്യാഖ്യാനരീതികളെ സംബന്ധിച്ച് കൗൺസിൽ നല്കിയ പ്രബോധനങ്ങളും, അതിനുശേഷമുള്ള കാലഘട്ടത്തിൽ വന്ന ചില വ്യതിചലനങ്ങളും, അവയ്ക്ക് മറുപടി എന്നവണ്ണം "കർത്താവിന്റെ വചനം" എന്ന ശ്ലൈഹിക പ്രബോധനത്തിലൂടെ സഭ നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുമാണ് ഈ ചെറുലേഖനത്തിലൂടെ ലളിതമായി അവതരിപ്പിക്കുവാൻ ശ്രമിക്കുന്നത്.

### വി. ലിഖിതത്തിന്റെ രണ്ട് അർത്ഥങ്ങൾ: വാച്യാർത്ഥവും ആത്മീയാർത്ഥവും

സഭയുടെ ആരംഭകാലം മുതൽതന്നെ ബൈബിൾ-വ്യാഖ്യാനം പിതാക്കന്മാർ അങ്ങേയറ്റം ശ്രദ്ധയോടെ ചെയ്തിരുന്ന ഒരു സഭാശുശ്രൂഷയാണ്. ഈശോയെ പഴയനിയമത്തിന്റെ പൂർത്തീകരണമായി അവർ കണ്ടിരുന്നു.




എന്നാൽ പഴയനിയമം മിശിഹായെക്കുറിച്ച് വാച്യാർത്ഥത്തിലാണോ അതോ മറ്റേതെങ്കിലും വിധമാണോ സംസാരിക്കുന്നത് എന്ന് അവർ അത്ഭുതപ്പെട്ടിരുന്നു. ഈ സന്ദേഹം വി. ലിഖിതത്തിന്റെ രണ്ട് അർത്ഥങ്ങൾ എന്ന തത്ത്വത്തിലേക്ക് അവരെ നയിച്ചു. ഒന്ന്, വാച്യാർത്ഥം. വി. ഗ്രന്ഥത്തിലെ വാക്കുകൾ സൂചിപ്പിക്കുന്നതും വാക്യവിശകലനത്തിൽനിന്ന് അനാവൃതമാകുന്നതുമായ അർത്ഥമാണത്. രണ്ട് വാച്യാർത്ഥത്തിന് അപ്പുറം പോകുന്നതാണ്; അതിനെ ആത്മീയാർത്ഥം എന്നു പറയാം. വി. ലിഖിതത്തിന്റെ മാനുഷികഗ്രന്ഥകാരന്മാർ ഉദ്ദേശിക്കുന്ന അർത്ഥമായി വാച്യാർത്ഥത്തെ നിർവചിക്കാമെങ്കിൽ ആത്മീയാർത്ഥം അത്ര എളുപ്പത്തിൽ വിശദമാക്കാനാവില്ല. ബൈബിൾ ആരുടെ നിവേശനത്താൽ എഴുതപ്പെട്ടോ ആ പരിശുദ്ധാത്മാവുതന്നെ അതു വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നവരെ തന്റെ നിവേശനത്താൽ അഭിഷിക്തരാക്കും. ഈ ആത്മാഭിഷേകത്താൽ ലഭിക്കുന്ന മിശിഹാകേന്ദ്രീകൃതമായ വ്യാഖ്യാനമാണ് ബൈബിളിന്റെ ആത്മീയാർത്ഥം. അത് പ്രതീകങ്ങളിലൂടെ നമ്മെ വിശ്വാസത്തിലേക്ക് ആനയിക്കുന്നു; എങ്ങനെ പ്രവർത്തിക്കണമെന്ന് നമുക്കു ധാർമ്മികബോധം നല്കുന്നു; നമ്മെ നമ്മുടെ ലക്ഷ്യമായ സ്വർഗ്ഗത്തിൽ എത്തിച്ചേർക്കുന്നു.

പതിനഞ്ചാം നൂറ്റാണ്ടുവരെയും സഭാചരിത്രത്തിൽ, പ്രത്യേകിച്ച് സന്ന്യാസപാരമ്പര്യത്തിൽ, ആത്മീയാർത്ഥത്തിന് പ്രാമുഖ്യം നൽകുന്ന ഒരു ബൈബിൾവ്യാഖ്യാനരീതിയാണ് നിലവിലിരുന്നത്. അതേസമയം വി. ഗ്രന്ഥത്തിന്റെ മറ്റെല്ലാ അർത്ഥങ്ങളും വാച്യാർത്ഥത്തിൽ അധിഷ്ഠിതമാണ് എന്ന മഹാതത്ത്വത്തിൽ ഉറച്ചുനിന്നുകൊണ്ടാണ്, സഭാപിതാക്കന്മാർ ആത്മീയാർത്ഥത്തെക്കുറിച്ചു വാചാലരായത്. എന്നാൽ 16-ാം നൂറ്റാണ്ടിനുശേഷം, ശാസ്ത്രത്തിന്റെയും യുക്തിബോധത്തിന്റെയും വളർച്ചയോടുകൂടി, വാച്യാർത്ഥപ്രധാനമായ ഒരു വ്യാഖ്യാനരീതിയിലേക്ക് പണ്ഡിതനിര നീങ്ങി തുടങ്ങിയിരുന്നു. ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും സാഹിത്യനിരൂപണപഠനങ്ങളുടെയും വെളിച്ചത്തിൽ ബൈബിൾ ഗ്രന്ഥകാരന്മാരുടെ കാലഘട്ടം, സംസ്കാരം, ചിന്ത, ഭാഷണം, ആഖ്യാനം എന്നിവയെല്ലാം കണ്ടെത്താനുള്ള ശ്രമമായി. ഇങ്ങനെയുള്ള സുദീർഘമായ ശാസ്ത്രീയപഠനത്തിലൂടെ വാച്യാർത്ഥം അന്വേഷിക്കുന്ന വ്യാഖ്യാനശാസ്ത്രത്തിന് ചരിത്ര-വിമർശനാത്മക രീതി (historical - critical method) എന്നാണ് വിളിക്കുന്നത്. ഇന്നത്തെ ഏറ്റം അനിഷേധ്യമായ വ്യാഖ്യാനരീതിയായി ഇതു മാറിക്കഴിഞ്ഞു. (തുടരും)



**മംഗലവാർത്ത - പിറവിക്കാലം**

പരി. കന്യാമറിയത്തിന്റെ ദൈവമാതൃസ്ഥാനം അവളെ സ്ത്രീകളിൽ ധന്യയാക്കിത്തീർത്തു (ലൂക്കാ 1,42). രക്ഷകന്റെ മനുഷ്യാവതാരത്തിലൂടെ പരി. മറിയം മാതൃകാപൂർണ്ണമായ സ്ത്രീത്വത്തിന്റെ ഉടമയായിത്തീർന്നു. മറിയമാണ് ഒരോ സ്ത്രീയുടെയും മാതൃക-നല്ലൊരു യുവതിയുടെ, ഭാര്യയുടെ, അമ്മയുടെ, സമർപ്പിതയുടെ മാതൃക മറിയമായിരിക്കണം. ▶▶



കുടുംബവേദി



# ശിക്ഷണവഴിയിലെ അപജയങ്ങൾ

ഫാ. സിറിയക് കോട്ടയിൽ
ഫാമിലി അപ്പോസ്റ്റലേറ്റ്, ചങ്ങനാശ്ശേരി

ഒരു ടീച്ചർ പറഞ്ഞ കഥ. അനുഭവത്തിന്റെ ചൂടുള്ള കഥ. ആരോമലെന്നാണ് അച്ചനും അമ്മയും അവനെ വിളിച്ചിരുന്നത്. ചേച്ചിമാർക്കവൻ കുഞ്ഞനുജനായിരുന്നു. മൂത്തവൾ അഞ്ജു, രണ്ടാമത്തെവൾ ആരതി. ആരതി ജനിച്ച് നാലു വർഷങ്ങൾ കഴിഞ്ഞാണ് ആരോമൽ ജനിച്ചത്. ഉത്സവപ്രതീതിയായിരുന്നു അന്നാ കുടുംബത്തിൽ. പ്രതീക്ഷകൾക്ക് വക നല്കുന്ന ഒരാൺതരിയല്ലേ പിറന്നത്. താഴത്തുവച്ചാൽ ഉറുമ്പരിക്കും തലയിൽ വച്ചാൽ പേനരിക്കും എന്നതിനാൽ താഴത്തുവയ്ക്കാതെയും തലയിൽ വയ്ക്കാതെയും അച്ചനും അമ്മയും അവനെ വളർത്തി. ചേച്ചിമാർ അവനെ താലോലിച്ചു. ആരോമൽ വളർന്ന് കൗമാരപ്രായത്തിലെത്തി. സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് അധ്യാപകർക്കും സ്കൂൾ അധികൃതർക്കും അവൻ ഒരു തലവേദനയായിരുന്നു. ചെറുപ്രായത്തിൽതന്നെ ചില അടിപിടിക്കേസുകളിലും ആരോമൽ പ്രതിയായി. ആ വഴിക്ക് ദുർഗുണപരിഹാരപാഠശാലയിലും ഒരു മാസം കഴിയേണ്ടിവന്നു. അവിടെനിന്ന് പുറത്തിറങ്ങുമ്പോൾ അച്ചനും അമ്മയും തന്നെ കൂട്ടിക്കൊണ്ടുപോകുവാൻ എത്തുമെന്ന് കരുതിയ ആരോമലിന് തെറ്റി. അച്ചനും അമ്മയുമെന്നല്ല ചേച്ചിമാരോ കുടുംബാംഗങ്ങളിലാരെങ്കിലുമോ അവനെ കൂട്ടിക്കൊണ്ടുപോകാൻ അവിടെ എത്തിയില്ല. എത്തിയതോ ആ ടീച്ചർ മാത്രം. അവനെ പലപ്പോഴും തിരുത്തുകയും അവന്റെ കഴിവുകളും നന്മകളും എടുത്തുകാട്ടി സഹപാഠികൾക്കുമുമ്പിൽ കൂടെക്കൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന സുമതി ടീച്ചർ മാത്രം. ടീച്ചർ പറഞ്ഞാണ് ആരോമലിന്റെ കഥ ഞാനറിയുന്നത്. പിന്നീടവന്റെ വളർച്ചയുടെ വഴിയിൽ താങ്ങും തണലുമായി




സുമതി ടീച്ചർ എന്നും ഉണ്ടായിരുന്നു. ടീച്ചറിന്റെ കുടുംബാംഗങ്ങളും അവനെ സ്നേഹപൂർവ്വം പിൻതുണച്ചിരുന്നു. തന്റെ മാനസാന്തരത്തിന് കാരണക്കാരിയായ ടീച്ചറിന്റെ ഉപദേശപ്രകാരം പിന്നീടവൻ ബോർഡിങ്ങിൽനിന്ന് വീട്ടിലേക്ക് താമസം മാറ്റി. അച്ചനോടും അമ്മയോടും മാപ്പ് പറഞ്ഞു. ചെയ്ത തെറ്റുകൾക്ക് ശേഷിക്കുന്ന തന്റെ ജീവിതത്തിലൂടെ പരിഹാരം ചെയ്തുകൊള്ളാമെന്ന ഉറപ്പും നല്കി. തങ്ങളുടെ മകനെ തങ്ങൾ വെറുത്തുപേക്ഷിച്ചിട്ടും അവനെ മനസ്സിലാക്കി ക്ഷമാപൂർവ്വം തിരുത്തലും തലോടലും നൽകി തങ്ങൾക്ക് തിരിച്ചുതന്ന ടീച്ചറിനോട് നന്ദിപറയുമ്പോൾ അവരിരുവരുടെയും കണ്ണുകൾ ഈറനണിഞ്ഞിരുന്നു.

കുട്ടികളെ പ്രശ്നക്കാരായി കാണുകയും ചിത്രീകരിക്കുകയും ചെയ്യുന്ന മനോഭാവങ്ങൾ മുതിർന്നവരിൽ ഏറിവരുന്നതായി കാണുന്നുവെന്നാണ് വിദഗ്ധാഭിപ്രായം. കൗമാരപ്രായത്തിന്റെ ചപലതകളായി കുസൃതിക്കുട്ടന്മാരുടെ കുസൃതികളെ കണ്ട് അവരെ സ്നേഹത്തോടെ തിരുത്താനും അവരിലെ നന്മ കാണാനും കഴിഞ്ഞാൽ അത്തരക്കാരിൽനിന്ന് വരും ലോകത്തിന് പ്രതീക്ഷിക്കാൻ ഏറെ ഉണ്ടാവുമെന്നാണ് കുട്ടികളുടെ പെരുമാറ്റരീതികളെ വിശകലനം ചെയ്യുന്ന മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. വഷളായിപ്പോയി എന്ന കുറ്റാരോപണത്തോടെ ഏതു കുട്ടിയേയും ആർക്കും എഴുതിത്തള്ളാൻ വളരെ എളുപ്പമാണ്. വളർച്ചയുടെ പ്രായത്തിൽ കുട്ടികൾക്ക് നൽകുന്ന ശിക്ഷണവഴികളിലെ അശാസ്ത്രീയ സമീപനങ്ങൾ ഈ തലത്തിൽ ഇന്നേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. അച്ചനമ്മമാർ മാത്രമല്ല, കുട്ടിയുടെ രൂപീകരണവഴിയിൽ സ്ഥാനം പിടിക്കുന്ന പക്വതയുള്ള ഏതൊരാൾക്കും അവനോടുള്ള സ്നേഹത്താൽ ആത്മാർത്ഥമായി അവന്റെ വ്യക്തിത്വരൂപീകരണത്തിൽ പങ്കുചേരാം.

പഴയകാല കുടുംബങ്ങളിൽ സന്താനങ്ങളുടെ എണ്ണം കുറവല്ലാതിരുന്നതിനാൽ ഇളേത്തുങ്ങളുടെ സ്വഭാവരൂപീകരണത്തിൽ മുഖ്യമായ ഒരു പങ്ക് ആ കുടുംബങ്ങളിലെ മുതിർന്ന സന്താനങ്ങൾക്കു നിർവ്വഹിക്കാനുണ്ടായിരുന്നു. ഇന്ന് ആ ഒരവസ്ഥക്ക് മാറ്റം വന്നിരിക്കുന്നു എന്നത് പകൽപോലെ വ്യക്തമല്ലേ? മാത്രമല്ല, കുട്ടികളുടെ ശത്രുക്കളായല്ല മിത്രങ്ങളായാണ് കുടുംബത്തിനുള്ളിലും കുടുംബത്തിന് പുറത്തുമുള്ളവർ അക്കാലങ്ങളിൽ വർത്തിച്ചിരുന്നത്. ഇന്നത്തെ അവസ്ഥ അതല്ലല്ലോ. കുട്ടികളെ കുറ്റകൃത്യങ്ങളിലേക്ക് വലിച്ചിഴയ്ക്കുന്നവരുടെയും അവരെ ചതിക്കുഴികളിലേക്ക് തള്ളിയിടുന്നവരുടെയും എണ്ണം സമൂഹത്തിൽ ഏറിവരുകയല്ലേ? നന്മയിൽ വളരേണ്ട കുരുന്നുകളെ തങ്ങളുടെ ഉപഭോഗ വസ്തുക്കളെന്നോണം കാണുന്നവരും ഇന്നില്ലേ? കുട്ടികളുടെ നാശത്തിന് കാരണമായേക്കാവുന്ന അപകടകരമായ സാഹചര്യങ്ങൾ ഒട്ടേറെ ഇന്നുള്ളതിനാൽ ഓരോ അപ്പനും അമ്മയും തങ്ങളുടെ കുഞ്ഞുങ്ങളെ കണ്ണിലുണ്ണിപോലെ കാക്കേണ്ടതുണ്ട്. ഇരുകണ്ണുകൾ മാത്രമല്ല മാതാപിതാക്കളുടെ മനഃക്കണ്ണുകളും അവർക്കു പിന്നാലേ ഉണ്ടാകണം. മക്കളുടെ ഭൗതീകാവശ്യങ്ങൾക്കൊപ്പം അവരുടെ മാനസികാവശ്യങ്ങൾകൂടി തൃപ്തിപ്പെടുത്താൻ അവർക്ക് ശ്രദ്ധയും താൽപര്യവും ഉണ്ടാകണം. സ്വാതന്ത്ര്യത്തോടെ എപ്പോഴും എന്തും തുറന്നുപറയുവാൻ ഈശ്വരൻ നല്കിയ അഭയസങ്കേതമാണ് തങ്ങളുടെ മാതാപിതാക്കളെന്ന വിചാരവും അവരിൽ വളർത്തേണ്ടതുണ്ട്. ഇങ്ങനെയൊക്കെയായാൽ മക്കൾ മാതാപിതാക്കളുടെ പ്രതീക്ഷക്ക് വിരുദ്ധമായി അതിർവരമ്പുകൾ ലംഘിച്ച് നാശത്തിലേക്ക് നിപതിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?





# നവസുവിശേഷവത്കരണം ആധുനികസമ്പർക്ക മാധ്യമങ്ങളിലൂടെ

**സുജ ചോതിരക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ളേറ്റ്സ്

ആധുനിക സമൂഹത്തിൽ, വാർത്താവിതരണം, സാംസ്കാരിക പരിപോഷണം, സാംസ്കാരിക രൂപീകരണം എന്നിവയിൽ സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ സുപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. സാങ്കേതിക വിദ്യാപരമായ പുരോഗതി, വിനിമയം ചെയ്യപ്പെടുന്ന വാർത്തകളുടെ വ്യാപ്തിയും, വൈവിധ്യവും, പൊതുജനാഭിപ്രായത്തിന്മേൽ അതു ചെലുത്തുന്ന സ്വാധീനം എന്നിവയുടെ ഫലമായി സമ്പർക്ക മാധ്യമങ്ങളുടെ പങ്ക് ഇന്നു വർദ്ധിച്ചുവരികയാണ്. മാധ്യമങ്ങളുടെ ലോകത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഈ യാഥാർത്ഥ്യത്തെ നാം ഗൗരവപൂർവ്വം പരിഗണിക്കേണ്ടതാണ്. ആധുനിക സംസ്കാരത്തിന്റെ സുവിശേഷവത്കരണം തന്നെ വലിയ തോതിൽ മാധ്യമങ്ങളുടെ സ്വാധീനത്തെ ആശ്രയിച്ചിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ വിശ്വാസം വിശദീകരിച്ചുകൊടുക്കണമെങ്കിൽ നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കാൻ നാം തീവ്രശ്രമം നടത്തണം. സുവിശേഷം അറിയിക്കുവാനും, പകർന്നുകൊടുക്കുവാനുമുള്ള നമ്മുടെ ഉദ്യമ




ങ്ങൾക്ക് പുതിയ മാധ്യമങ്ങൾ വളരെയധികം ശക്തിപകരും എന്ന് വ്യക്തമാണ്. കഴിഞ്ഞ 25 വർഷങ്ങൾക്കിടയിൽ മനുഷ്യർ ആശയവിനിമയം നടത്തുന്നത് ലളിതമാക്കാനും, വിനിമയത്തെ സഹായിക്കാനും ഉതകുന്ന സാങ്കേതിക വിദ്യയുടെ കഴിവുകൾ അത്ഭുതകരമായ തോതിൽ വികസിച്ചിട്ടുണ്ട്. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ ടെക്നോളജി എന്നിവയിൽ ഉണ്ടായിട്ടുള്ള വികസനങ്ങൾ ഏറെയാണ്. ഇവയിലൂടെ ലോകത്തിന്റെ ഏതുമൂലയിലുമുള്ള ആളുകളുമായി സംസാരിച്ചും സന്ദേശമയച്ചും ചിത്രങ്ങൾ പങ്കുവച്ചും ആശയവിനിമയം നടത്താൻ നമുക്കു കഴിയും.

പ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ, കംപ്യൂട്ടർ തുടങ്ങിയ മാധ്യമങ്ങൾ വിജ്ഞാനവും വിനോദവും നൽകാൻ പര്യാപ്തമാണ്. മിശിഹായുടെ രക്ഷയെ സ്നേഹത്തിന്റെ പ്രത്യക്ഷവും, പരോക്ഷവുമായ ആവിഷ്കാരത്തിനും, പ്രകാശനത്തിനുമായി ആധുനിക മാധ്യമങ്ങൾ ഉപയോഗിക്കുന്നതിന് സഭയും, സഭാമക്കളും എപ്പോഴും ഉൽസുകരായിരിക്കണം. മാധ്യമങ്ങളിലൂടെ കുടുംബങ്ങളിലേയ്ക്കും വ്യക്തിജീവിതത്തിലേക്കും കടന്നുവരുന്ന ചില പരിപാടികൾ ജീവിതത്തിന്റെ മൂല്യശ്രേണിയെ തകിടംമറിക്കുന്നതും ആഡംബരങ്ങളെ ആവശ്യങ്ങളാക്കുന്നതും അങ്ങനെ മനുഷ്യനെ വസ്തുവകകളുടെ അടിമയാക്കുന്നതുമാണ്. ഇന്ന് മാധ്യമങ്ങൾക്കും, ഡിജിറ്റൽ സംസ്കാരത്തിനും എത്തിചേരാനാവാത്ത ഒരു സ്ഥലവും ലോകത്തിലില്ല. ഇതിന്റെ വ്യാപനം ധാരാളം ഉപകാരങ്ങൾ ചെയ്യുന്നുണ്ട്. വിവരങ്ങൾ ലഭിക്കാൻ വലിയ തോതിൽ സാധ്യതകൾ നല്കുന്നു. എന്നിരുന്നാലും ഇവ ഉൾക്കൊള്ളുന്ന അപകടസാധ്യതകളെ മറച്ചുവയ്ക്കാനും ആവില്ല.

സഭയുടെ ആദിമദശയിൽ ശ്ലീഹന്മാരും അവരുടെ ശിഷ്യന്മാരും ഈശോയുടെ സദ്വാർത്ത ഗ്രീസിന്റെയും, റോളിന്റെയും ലോകത്തിന് എത്തിച്ചുകൊടുത്തു. അക്കാലത്ത് ഫലപ്രദമായി സുവിശേഷം പ്രസംഗിക്കുന്നതിന് ആ പുറജാതിക്കാരുടെ സംസ്കാരവും ആചാരങ്ങളും മനസ്സിലാക്കുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടിയിരുന്നു. അങ്ങനെ മാത്രമേ ആ ജനതയുടെ ഹൃദയത്തെയും മനസ്സിനേയും സുവിശേഷസത്യത്തിന് സ്പർശിക്കുവാൻ കഴിയുമായിരുന്നുള്ളൂ. അതുപോലെ ഇന്ന് സാങ്കേതികവിദ്യകളുടെ ലോകത്ത് മിശിഹായെ പ്രഘോഷിക്കുന്നതിന് ഈ ലോകത്തെ സംബന്ധിച്ചും ആഴമുള്ള അറിവ് ആവശ്യമാണ്. അപ്പോഴേ ഈ സാങ്കേതികവിദ്യകൾ നമ്മുടെ ദൗത്യം നിർവഹിക്കുന്നതിന് വേണ്ടത്ര പ്രയോജനപ്പെടുകയുള്ളു.

ഈ പുതിയ സംസ്കാരത്തിന്റെ പ്രകടമായ ചില സവിശേഷതകൾ എടുത്തുകാട്ടാനും, അതിൽനിന്ന് കത്തോലിക്കാമാധ്യമങ്ങൾ പിന്തുടരേണ്ട ചില ആശയങ്ങൾ പങ്കുവയ്ക്കുവാനും ബനഡിക്ട് പതിനാറാമൻ പാപ്പാ ആഗ്രഹിക്കുന്നു. ഒന്നാമത്തേത്, ഇന്ന് അനേകരുടെ ജീവിതത്തിൽ ഡിജിറ്റൽ സ്പേയ്സ് ഒരു യാഥാർത്ഥ്യമാണ് എന്നതാണ്. അത് ഒരു സാങ്കല്പികസ്ഥലം ആണ്; ഇതിന് യഥാർത്ഥ ലോകത്തിന്റെ അത്ര പ്രാധാന്യമില്ല എന്നു വിചാരിക്കരുത്. ഈ സ്പേയ്സിൽ സഭ സന്നിഹിതയല്ലെങ്കിൽ, സദ്വാർത്ത ഡിജിറ്റൽ മാർഗ്ഗങ്ങളിലൂടെ പ്രഘോഷിക്കുന്നില്ലെങ്കിൽ ഈ ലോകത്ത് ഒതുങ്ങിക്കഴിയുന്ന ആളുകളെ ഉപേക്ഷിക്കുകയാവും ചെയ്യുന്നത്. ഈ രംഗത്ത് നിന്നാണ് അവർ വാർത്തകൾ അറിയുന്നതും വിവരങ്ങൾ ശേഖരിക്കുന്നതും. ഇവിടെയാണ് അവരുടെ അഭിപ്രായങ്ങൾ രൂപപ്പെടുന്നതും പ്രകടിപ്പിക്കപ്പെടുന്നതും; അവർ ചോദ്യങ്ങൾ ചോദിക്കുന്നതും വാദപ്രതിവാദത്തിലേർപ്പെടുന്നതും.

സഭയെന്ന നിലയ്ക്ക് നമ്മുടെ രീതി പ്രബോധനത്തിന്റേതാണ്, പ്രസംഗത്തിന്റേതാണ്, ഇതെല്ലാം പ്രാധാന്യമർഹിക്കുന്ന വിനിമയരീതികളാണ്. പക്ഷേ ഡിജിറ്റൽ പ്രഭാഷണം ഏറ്റവും ഫലപ്രദമാകുന്നത് ഓരോ വ്യക്തി




**മംഗലവാർത്ത – പിറവിക്കാലം**

ദൈവത്തിന്റെ രക്ഷാകരദൗത്യം നമ്മിൽ ഫലമണിയണമെങ്കിൽ നാമും പരി. മറിയത്തെപ്പോലെ ദൈവകൃപ നിറഞ്ഞവരായിത്തീരണം. അപ്പോൾ മാതാവിനെപ്പോലെ 'നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ' (ലൂക്കാ 1,38) എന്ന് ഏതു ജീവിതസാഹചര്യത്തിലും പറയുവാൻ നമുക്കു കഴിയും. ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ഓരോരുത്തരുടെയും ഇഷ്ടമായി മാറണം.

യോടും ഇടപെടുമ്പോഴാണ്. നമ്മുടെ സന്ദേശം വ്യത്യസ്ത സദസ്സുകൾ, ശ്രോതാക്കൾ എങ്ങനെ കേൾക്കുന്നു, എങ്ങനെ മനസ്സിലാക്കുന്നു എന്ന് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അറിയുന്നത് ഒരാവശ്യമാണ്. ഇന്ന് നാം നമ്മുടെ ശ്രോതാക്കൾക്ക് പറയാനുള്ളത് കൂടുതൽ ശ്രദ്ധിക്കണം. വിവിധതരം ആളുകളാണ് നാം പറയുന്നത് കേൾക്കുന്നത്. അവരുടെ ആശങ്കകളും പ്രശ്നങ്ങളും നാം ശരിക്കും മനസ്സിലാക്കണം. അവർ ദൈവവചനവുമായി ബന്ധപ്പെടുന്നത്, വചനത്തെ കണ്ടുമുട്ടുന്നത്, ഏതു സാഹചര്യത്തിലും പരിസ്ഥിതിയിലുമാണ് എന്ന കാര്യം നാം പരിഗണിക്കണം. പരസ്പരം പ്രതികരിക്കാനുള്ള ഒരു മാധ്യമമായി ഇന്റർനെറ്റ് വികസിച്ചിരിക്കുന്നു. സമ്പർക്ക മാധ്യമങ്ങളെ സംബന്ധിച്ച സാങ്കേതിക വിദ്യയുടെ ഏറ്റവും വിസ്മയനീയമായ പുതിയ സമ്പ്രദായം ഇന്റർനെറ്റാണ്.

മധ്യയുഗങ്ങളിലെ ഭദ്രാസനദൈവാലയങ്ങളിൽ സ്റ്റെയിൻഡ് ഗ്ലാസ്സുള്ള ജനാലകളിലെ ചിത്രങ്ങൾ അക്ഷരജ്ഞാനമില്ലാതിരുന്ന ഒരു സദസ്സിനോട് സംസാരിച്ചു. അക്ഷരജ്ഞാനത്തിന്റെ കാലം കഴിഞ്ഞുവന്ന ഒരു തലമുറയോട് വിനിമയം നടത്താൻ അനുയോജ്യമായ ഡിജിറ്റൽ രീതിയിലുള്ള ആവിഷ്ക്കരണ ശൈലി നാം കണ്ടുപിടിക്കണം. ഇത്രയുംകാലം നാം കഥ പറയുകയായിരുന്നു. നാം ആരാണ്, നാം എന്തു ചെയ്യുന്നു എന്നു സദസ്സിനെ ബോധ്യപ്പെടുത്താനാകണം ഇനി നാം ശ്രമിക്കുക. നമ്മുടെ വിശ്വാസം എങ്ങനെയാണ് ആഘോഷമാക്കുന്നത് എന്ന് മറ്റുള്ളവർക്ക് നാം കാണിച്ചുകൊടുക്കണം.


സന്ദേശം പ്രഘോഷിച്ചതുകൊണ്ടു മാത്രം അത് ആളുകളുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ എത്തുകയില്ല. അവരുടെ ജീവിതത്തിൽ പരിവർത്തനമുണ്ടാക്കില്ല. എല്ലാറ്റിനുമുപരി വിശ്വാസമുള്ളവരെ കണ്ടുമുട്ടുന്നതാണ് ആളുകളെ ആകർഷിക്കുന്നത്. വിശ്വാസമുള്ളവർ തങ്ങളുടെ വിശ്വാസത്തിലൂടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുകവഴി മറ്റുള്ളവരെ അവിടുത്തെ കൃപാവരത്തിലേക്ക് ആകർഷിക്കുന്നു.

ബ്ലോഗിലും, സാമൂഹിക നെറ്റ്‌വർക്കിലും മറ്റ് ഡിജിറ്റൽ രംഗങ്ങളിലും സാന്നിധ്യമുള്ള അനേകം കത്തോലിക്കരുണ്ട്. അവരുടെ സ്വരങ്ങൾ ഏകോപിപ്പിക്കണം. അങ്ങനെ അവർക്ക് സുവിശേഷത്തിന്റെ ഉൾക്കാഴ്ചകൾ പ്രചരിപ്പിക്കാൻ കഴിയും. സഭയുടെ പ്രബോധനം അവതരിപ്പിക്കുവാനും മറ്റുള്ളവരുടെ ചോദ്യങ്ങളോട് പ്രതികരിക്കാനും കഴിയും. "ഓരോ കത്തോലിക്കനും ഒരു അപ്പസ്തോലനാകാൻ കഴിയണം. സ്വന്തം സഭയെ വിശ്വസനീയമായ രീതിയിൽ തന്റെ അയൽക്കാരുടെയും താൻ ആരുടെ ഇടയിലാണോ അവരുടെയും മുൻപിൽ പ്രതിനിധാനം ചെയ്യുവാൻ കഴിയണം... അയാളുടെ ആദർശങ്ങൾ മറ്റുള്ളവരുടേതിനേക്കാൾ ഉന്നതമാണ് എന്ന് ആളുകൾ തിരിച്ചറിയുമ്പോൾ അറിയാതെതന്നെ അവർ ആദർശങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ഒരു വിശ്വാസത്തിലേക്ക് ആകർഷിക്കപ്പെടും".

ബനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ ഈ വാക്കുകൾ ഓരോ ക്രൈസ്തവനും പ്രചോദനമാകട്ടെ.

(കടപ്പാട്, ഒസർവത്തോറെ റൊമാനോ)

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-8



# ദൈവത്തിന്റെ സംഭാഷണം പ്രവാചകന്മാരിലൂടെ

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മാനവവംശവുമായുള്ള ദൈവത്തിന്റെ സംഭാഷണത്തിന്റെ ഉപകരണങ്ങളാണ് പ്രവാചകന്മാർ. അവർ ദൈവത്താൽ അയയ്ക്കപ്പെട്ട അവിടുത്തെ പ്രതിനിധികളാണ്. അവർ ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള പാലമാണ്. പരിപൂർണ്ണരായവരെയല്ല കുറവുള്ളവരെയാണ് ദൈവം തന്റെ ദൗത്യനിർവ്വഹണത്തിനായി തിരഞ്ഞെടുക്കുന്നത്. എന്നാൽ അവന്റെ ഭയപ്പാടും കഴിവുകളുമെല്ലാം ദൈവതിരുമുമ്പിൽ നിരത്തിവയ്ക്കുമ്പോൾ ദൈവം അതിനെല്ലാം പരിഹാരം കണ്ടെത്തികൊടുക്കുന്നു. ഇവിടെ മോശെയുടെ വിളിയെക്കുറിച്ചു ചിന്തിച്ചാൽ മതിയാകും. മോശെ ദൈവത്തോടു താൻ വിക്കനാണ്, സംസാരശേഷിയില്ലാത്തവനാണ് എന്നു പറയുമ്പോൾ അഹറോനെ സഹായിയായി നല്കുന്നു. ദൃശ്യമായ അത്ഭുതങ്ങൾ മോശെയിലൂടെ പ്രവർത്തിച്ചുകൊണ്ട് ദൈവം പ്രവാചകന് എപ്പോഴും തുണയായിനിൽ ക്കുന്നു.

മാനവവംശത്തിന് അവരുടെ തിന്മമൂലം വന്നുഭവിക്കാവുന്ന നാശത്തെക്കുറിച്ചും ദൈവശിക്ഷയെക്കുറിച്ചുമെല്ലാം പ്രവാചകരിലൂടെ അറിയിക്കുകയാണ്. മാനവവംശം അവരുടെ അധർമ്മങ്ങളിൽനിന്നും പിൻതിരിഞ്ഞ് നന്മയുടെ ജീവിതം ജീവിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രവാചകന്മാരെ അവിടുന്ന് ഉപയോഗിക്കുന്നത് സാമൂഹ്യനന്മയ്ക്കായിട്ടാണ്. അല്ലാതെ വ്യക്തിഗതമായ നന്മയെ അല്ല ഉന്നംവയ്ക്കുക. പ്രവാചകൻ ദൈവത്തിന്റെ ഉപകരണമാണ്, അവിടുത്തെ ചിന്തയുടെ പ്രകാശനമാണ്. ഒരുകണക്കിൽ ദൈവത്തിന്റെ വാക്കുകൾ കേട്ട് എഴുതുവാനുള്ള പേനകളാണ് പ്രവാചകർ എന്നു പറയാം.

ഇന്നത്തെപ്പോലെ അന്നും വ്യാജപ്രവാചകരും ഉണ്ടായിരുന്നു എന്നത് വിസ്മരിക്കുന്നില്ല. ഇവിടെ ദൈവത്തിന്റെ പ്രവാചകരെയും വ്യാജപ്രവാചകരെയും വിവേചിച്ചറിയേണ്ടതുണ്ട്. എളിമയെയയും മറയപ്പെടലിനെയും അനുസരണത്തെയും സ്നേഹിക്കുന്ന ഒരുവനിൽ നിന്നും വരുന്ന അഭൗമിക പ്രതിഭാസങ്ങൾ യഥാർത്ഥമായിരിക്കും. എന്നാൽ അഹങ്കാരിയും അനുസരണവും വിധേയത്വവുമില്ലാത്തവനും എളിമപ്പെടലിനേയും മറയപ്പെടലിനേയും സ്നേഹിക്കാത്തവനുമായ ഒരുവനിൽ നിന്നും വരുന്നത് തീർച്ചയായും ആദ്ധ്യാ





**മംഗലവാർത്ത - പിറവിക്കാലം**

പരി. മറിയത്തിന്റെ കന്യാത്വം സമർപ്പിതജീവിതത്തിന് ശരിയായ മൂല്യം കണ്ടെത്തുന്നതിന് സഹായകരമായി. അന്നുവരെ ജീവിതകാലം മുഴുവനുമുള്ള കന്യാത്വത്തിന് സമൂഹത്തിൽ യാതൊരു സ്ഥാനവും ഇല്ലായിരുന്നു. എന്നാൽ മറിയത്തിന്റെ കന്യാത്വഫലം ദൈവപുത്രൻതന്നെയായപ്പോൾ, സമർപ്പണ ജീവിതത്തിലൂടെ ഈശോയെ ഉൾക്കൊള്ളാനും സ്വജീവിതത്തിലൂടെ ഈശോയെ പ്രദാനം ചെയ്യുവാനും എളുപ്പമായി.

ത്മിക പ്രതിഭാസങ്ങളല്ല എന്നതിൽ തെല്ലും സംശയം വേണ്ട.

യഥാർത്ഥ പ്രവാചകർക്ക് സ്വന്തമായി ഒരു വാക്കോ പ്രവൃത്തിയോ ഇല്ല. അവർ ദൈവത്തിന്റെ യഥാർത്ഥ ദാസരാണ്. യജമാനൻ കല്പിക്കുന്നതു മാത്രം പറയുകയും ചെയ്യുകയും ചെയ്യുന്നവർ. ദൈവത്തിനുവേണ്ടി നിലകൊണ്ടതിന്റെ പേരിൽ ഇവർക്ക് രക്തസാക്ഷിത്വംവരെ വരിക്കേണ്ടിവന്നിട്ടുണ്ട്. വി. യോഹന്നാൻ മാംദാന ഇതിന് ഉദാഹരണമാണ്. ദൈവഹിതത്തെ സ്വീകരിക്കാതെ സ്വന്തം ഹിതം അനുസരിച്ചുപോകുന്നവർക്കും ദൈവത്തിന്റെ ശിക്ഷയുണ്ടാകുന്നുണ്ട്. യോനാപ്രവാചകന്റെ ജീവിതം ഇതിന് ഉദാഹരണമാണ്. ദൈവഹിതപ്രകാരം പ്രവർത്തിക്കാതെ വന്നതിലൂടെ അവൻ ദൈവകോപത്തിന് പാത്രീഭൂതനായി. ഒപ്പം അവനിൽ ദൈവത്തിന്റെ സർവ്വശക്തിയും പ്രകടിപ്പിച്ച് ദൈവം തന്റെ ലക്ഷ്യം അവനിലൂടെ തന്നെ പൂർത്തിയാക്കുന്നതായി, നിനിവേ നിവാസികളെ മാനസാന്തരത്തിലേക്ക് നയിച്ചു രക്ഷിക്കുന്നതായി കാണാം.



മനുഷ്യനുമായുള്ള തന്റെ സംഭാഷണം നിലനിറുത്തിക്കൊണ്ട് ഈ സംഭാഷണത്തിലൂടെ സാവകാശം മാനവരാശിയെ ദൈവം ഈശോയുടെ നേർക്ക് നയിക്കുകയാണ് ചെയ്യുന്നത്. ചരിത്രത്തിലും ചരിത്രത്തിലൂടെയുമാണ് ഈശോ രൂപപ്പെടുന്നതും സൃഷ്ടിക്കപ്പെടുന്നതും. അതേസമയം തന്നെ ദൈവപിതാവ് തന്റെ പുത്രന്റെ മുഖം മുൻകൂട്ടി കാട്ടിത്തരുവാനായി തത്രപ്പെടുകയാണ് - പ്രവാചകന്മാരുടെ പ്രവചനങ്ങളിലൂടെ ഈശോയെ മുൻകൂട്ടി അറിയിക്കുന്നു. നമുക്കും ലോകത്തിൽ നിവൃത്തിയാക്കേണ്ട ഒരു പ്രവാചകദൗത്യം ഉണ്ട് എന്നത് ഓർമ്മിക്കാം. സഭയുടെ മക്കളെല്ലാം മറ്റുള്ള വർക്ക് ദൈവത്തിന്റെ, ഈശോയുടെ പ്രതിനിധികളായി വർത്തിക്കേണ്ടവരാണ്. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി സഹിക്കേണ്ടവരാണ്. വേണ്ടിവന്നാൽ കർത്താവിനുവേണ്ടി രക്തം വരെ ചിന്തേണ്ടവരാണ്. ദൈവത്തിന് സംസാരിക്കുവാനുള്ള ഉപകരണങ്ങളായി നമ്മുടെ ജീവിതങ്ങളെ നമുക്ക് രൂപാന്തരപ്പെടുത്താം.






# നഷ്ടമാകുന്ന സിക്കമൂർ മരങ്ങൾ

**ലിബിൻ എൻ. ജോസഫ്**
നടയ്ക്കൽ, വേലനിലം

വി. ലൂക്കായുടെ സുവിശേഷം 19-ാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള തിരുവചനങ്ങളിൽ, ഈശോയെ കാണാനാഗ്രഹിച്ച, ഉയരം കുറവായ, സക്കേവൂസ് എന്നു പേരുള്ള ഒരു മനുഷ്യനെ നാം കണ്ടെത്തുന്നു. തന്റെ പൊക്കക്കുറവിനേക്കാൾ മറ്റുള്ളവരുടെ പൊക്കമായിരുന്നു സക്കേവൂസിന്റെ പ്രശ്നം. എന്നാൽ ഒരു സിക്കമൂർ മരം സക്കേവൂസിന് മറ്റുള്ളവരേക്കാൾ ഉയരം നല്കി. ഈശോയും സക്കേവൂസും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് വഴിയൊരുക്കുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നത് ഇത്തരം സിക്കമൂർ മരങ്ങളാണ്. അവശരെ, ബലഹീനരെ, പാപികളെ കൈപിടിച്ചുയർത്തുന്ന സിക്കമൂർ മരങ്ങൾ ഇന്ന് വിരളമാണ്.

സിക്കമൂർ മരം നല്ലൊരു സുഹൃത്തിന്റെ പ്രതീകമാണ്. തന്നെ ആശ്രയിച്ചവനെ ദൈവത്തിങ്കലേക്ക് എത്തിച്ച ഒരു നല്ല സൃഹൃത്ത്. ഇത്തരം കൈത്താങ്ങുകൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ആധുനികലോകം ഇന്ന് ഒരു കുടക്കീഴിലേക്ക് ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ചുരുങ്ങലിൽ നമുക്ക് നഷ്ടമാകുന്നത് ബന്ധങ്ങളും സുഹൃദ് വലയങ്ങളുമാണ്. ഫെയ്സ് ബുക്ക്, ടിറ്റർ തുടങ്ങിയ ആധുനിക സോഷ്യൽ നെറ്റ്വർക്ക് കൂട്ടായ്മകളിൽ ചുറ്റിത്തിരിയുന്ന ഇന്നത്തെ യുവതലമുറ ഉണർന്ന് ചിന്തിക്കേണ്ട സമയമായിരിക്കുന്നു. തന്റെ നാല് ചുമരുകൾക്കകത്തുനിന്ന് പുറത്തേക്ക് ഇറങ്ങേണ്ട സമയമായിരിക്കുന്നു. ആധുനിക ഇലക്ട്രോണിക് സൗഹൃദകൂട്ടായ്മകൾ, തെരുവോരങ്ങളിൽ കാരുണ്യസ്പർശനത്തിന്റെ സിക്കമൂർമരങ്ങളായിത്തീരേണ്ട യുവതലമുറയെ, ഒരു മുറിക്കുള്ളിൽ തളച്ചിടുകയാണ് ചെയ്യുന്നത്. ഈ അപകടത്തെ നാം തിരിച്ചറിയണം. ഇന്നത്തെ യുവതലമുറയ്ക്ക് നഷ്ടമാകുന്ന മൂല്യബോധം അവന് തിരിച്ചുനൽകുകയും വേണം.

തന്റെ ഉത്തമസൃഹൃത്തിനെ തോളിലേറ്റി ഉയരങ്ങളിലേക്ക് നയിക്കുന്ന എത്ര സുഹൃത്തുക്കളെ നമുക്ക് ഇന്ന് കാണാൻ സാധിക്കും? ജനക്കൂട്ടം ചുറ്റും കൂടിനില്ക്കുമ്പോൾ നിന്നെ തോളിലേറ്റി




നിന്റെ പൊക്കക്കുറവിനെ പരിഹരിക്കുന്നവരാണ് നിന്റെ സിക്കമൂർ മരങ്ങൾ. താഴ്ചയിൽ നിന്റെ ഉയർച്ച സ്വപ്നം കാണുന്നവൻ നിന്റെ സിക്കമൂർ മരമാണ്. ആ മരം നിന്റെ സുഹൃത്താകാം, നിന്റെ ബന്ധുമിത്രാദികളാകാം. നിന്നെ സഹായിക്കുന്ന എല്ലാ നല്ല മനസ്സുകളും സിക്കമൂർ മരത്തിന് ഉദാഹരണങ്ങളാണ്. തളർവാതരോഗിയെ ഈശോയുടെ അടുത്തെത്തിച്ചത് നല്ല മനസ്സുകളല്ലേ? അതേസമയം ബേദ്സെയ്ദാ കുളക്കരയിൽ കിടന്ന രോഗിക്ക് ഇല്ലാതെപോയത് ഇത്തരം സിക്കമൂർ മരങ്ങളല്ലേ? ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നതും ഇത്തരം സിക്കമൂർ മരങ്ങളാണ്-മറ്റുള്ളവർക്ക് കൈത്താങ്ങാവുന്ന സിക്കമൂർ മരങ്ങൾ...

സ്വയം ഉയരാതെ എങ്ങനെയാണ് മറ്റുള്ളവരെ ഉയർച്ചയിലേക്ക് കൈപിടിച്ചു നടത്തുവാൻ കഴിയുക. സ്വയം ദൈവത്തെ കണ്ടെത്താത്തവൻ എങ്ങനെയാണ് മറ്റുള്ളവരെ ദൈവത്തിലേക്കാനയിക്കുന്ന സിക്കമൂർമരമായിത്തീരുക? മാനുഷിക മൂല്യത്തകർച്ചകൊണ്ടും ലോകവ്യഗ്രതകൊണ്ടും സ്വയം വളർച്ച മുരടിച്ച ആധുനികലോകത്തിൽ എവിടെയാണ് നമുക്ക് ഉയരമുള്ള സിക്കമൂർ മരങ്ങളെ കണ്ടെത്താൻ കഴിയുക? ഈശോയുടെ പാതയോരത്ത് നിൽക്കുന്ന സിക്കമൂർ മരങ്ങൾ ഇന്ന് വിരളമാണ്. അപകടത്തിൽപ്പെട്ട് പ്രാണൻ പിടയുന്നവന്റെ ചിത്രം തന്റെ മൊബൈലിൽ പകർത്തുന്നവന് എങ്ങനെയാണ് ഉയരമുള്ള സിക്കമൂർ മരമാകാൻ കഴിയുക? സ്വന്തം മകളെ മൃഗീയമായി കൊല്ലുന്ന ഈ ലോകത്ത്, സഹോദരൻമാർ ഒരു തുണ്ടു ഭൂമിക്കുവേണ്ടി കലഹിക്കുന്ന ഈ ലോകത്ത്, ചോരക്കുഞ്ഞിനെ തെരുവിൽ ഉപേക്ഷിക്കുന്ന അമ്മമാരുടെ ഈ ലോകത്ത്, കള്ളവും, ചതിയും, വഞ്ചനയും, ചൂഷണവും നിറഞ്ഞ ഈ ലോകത്ത് എങ്ങനെയാണ് നാം സിക്കമൂർ മരങ്ങളെ കണ്ടെത്തുക? അതാണ് ഇന്നിന്റെ നഷ്ടം. സ്വയം ചെറുതാക്കപ്പെടുന്നവരുടെ ലോകത്ത് ഉയരമുള്ള സിക്കമൂർ മരങ്ങൾ ഉണ്ടാകട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.

**മംഗലവാർത്ത - പിറവിക്കാലം**

മിശിഹായുടെ ജനനത്തോടെ പ്രവചനങ്ങൾ പൂർത്തിയാക്കപ്പെടുകയും ദൈവത്തിന് നമ്മോടുള്ള അതിരറ്റ സ്നേഹം പ്രകടമാക്കുകയും ചെയ്തു. പ്രവാചകന്മാരുടെ ധീരതയും സത്യസന്ധതയും സ്വായത്തമാക്കി രക്ഷകൻ തെളിച്ച പാതയിലൂടെ അടിപതറാതെ മുന്നേറുകയും നിത്യജീവന്റെ മാർഗ്ഗത്തിലേക്ക് മറ്റുള്ളവരെ നാം നയിക്കുകയും വേണം.

**മംഗലവാർത്ത - പിറവിക്കാലം**

തന്റെ മനുഷ്യാവതാരത്തിലൂടെ പുത്രൻ തന്നെത്തന്നെയും പിതാവിനെയും ലോകത്തിന് വെളിപ്പെടുത്തി.മിശിഹായുടെ പിറവി ഒരു പുതുയുഗത്തിന് ജന്മം നല്കി. ഈശോയിൽ ആരംഭിച്ച പുതുയുഗം അഥവാ പുതുജീവൻ നമ്മുടെ അനുദിന ജീവിതത്തിലെ നിത്യസംഭവമായിത്തീരണം. മിശിഹായിലൂടെ ലോകത്തിന് കരഗതമായ സമാധാനവും പ്രത്യാശയും നമ്മുടെ സ്വന്തമാക്കണം. അതിനായി നമുക്ക് മിശിഹായെ സ്വന്തമാക്കാം.

**മംഗലവാർത്ത - പിറവിക്കാലം**

ഓർമ്മിക്കേണ്ട ദിനങ്ങൾ

ഡിസംബർ 1-ഇരുപത്തഞ്ചു നോമ്പാരംഭം
,, 3-വി. ഫ്രാൻസീസ് സേവ്യർ
,, 8-മറിയത്തിന്റെ അമലോത്ഭവം
,, 18-സ്ലീവായുടെ തിരുനാൾ
,, 25-പിറവിത്തിരുനാൾ
,, 27-വി. യോഹന്നാൻശ്ലീഹാ
,, 28-കുഞ്ഞിപ്പൈതങ്ങൾ
അവസാനവെള്ളി-ദൈവമാതൃത്വതിരുനാൾ
ജനു. 3-വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ




# മന്ദമാരുതനോ കൊടുങ്കാറ്റോ...?



ചെറുകാറ്റിന്റെ സാമീപ്യത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്ന വൃക്ഷലതാദികളും ഓളപ്പരപ്പുമൊക്കെ കണ്ണിന് ആനന്ദദായകമാണ്. പൊള്ളുന്ന ചൂടിൽ ഒരു മന്ദമാരുതന്റെ കടന്നുവരവ് ഇഷ്ടപ്പെടാത്തവർ ആരുമുണ്ടാകില്ല. അത് ആശ്വാസദായകമാണ്. എന്നാൽ എല്ലാം നശിപ്പിക്കുന്ന കൊടുങ്കാറ്റിനെ ഭയപ്പെടാത്തവർ ആരുമുണ്ടാകില്ല.

**മന്ദമാരുതനാകണം നീ...** ശാരീരിക മാനസിക ആത്മീയ തലങ്ങളിലെ ചുട്ടുപൊള്ളുന്ന യാഥാർത്ഥ്യങ്ങളാകുന്ന നെരിപ്പോടിൽ ഉരുകുന്ന ജീവിതങ്ങളിലേക്ക് ആശ്വാസത്തിന്റെ കുളിർത്തെന്നലായി കടന്നു ചെല്ലേണ്ടവനാണ് നീ. അത് ഒരു പുഞ്ചിരിയാകാം, കാരുണ്യത്തിന്റെ ഒരു നോട്ടമാകാം, ക്ഷമയോടെയുള്ള ശ്രവണമാകാം, മൃദുവായ സാന്ത്വനവാക്കുകളാകാം, സഹായത്തിന്റെ കരങ്ങളാകാം.

വേദനയാൽ വെന്തുരുകുന്ന മാനസങ്ങളിൽ ആശ്വാസത്തെന്നലായി കടന്നു ചെല്ലാനാവുമോ നിനക്ക്...? അതോ അവന്റെ പ്രതീക്ഷകളെ തകിടം മറിച്ച് അവന്റെ വേദനയുടെ ആഴം കൂട്ടാൻ, അവന്റെ ജീവിതത്തെത്തന്നെ വേരോടെ പിഴുതെറിയാൻ വെമ്പുന്ന കൊടുങ്കാറ്റാണോ നീ...? പാടില്ല... ഒരിക്കലും!!

**കൊടുങ്കാറ്റാകണം നീ...** വിണ്ണിൽനിന്നും മന്നിലിറങ്ങിയ ദൈവപുത്രൻ അനേകമായിരങ്ങൾക്ക് ആശ്വാസത്തെന്നലായിരുന്നു. അതേസമയം, മനുഷ്യനു വില കൊടുക്കാത്ത നിയമത്തിന്റെ നൂലാമാലകളുടെയും ദുഷിച്ച അധികാരത്തിന്റെ ധാർഷ്ട്യത്തിന്റെയും ഹൃദയമില്ലാത്ത ആചാരാനുഷ്ഠാനങ്ങളുടെയും മുമ്പിൽ അവിടുന്ന് കൊടുങ്കാറ്റായി മാറി. മറക്കരുതതൊരിക്കലും...

സാമൂഹ്യതിന്മകളെ പിഴുതെറിയാൻ, ധാർമ്മികമൂല്യങ്ങളെ കാറ്റിൽ പറത്തുന്ന നവയുഗത്തിന്റെ ചിന്താധാരയെ തുടച്ചുമാറ്റുവാൻ, ദൈവത്തെ തള്ളിപ്പറയുന്നതും മനുഷ്യത്വത്തിന് വില കൊടുക്കാത്തതുമായ അനീതി നിറഞ്ഞ പ്രത്യയശാസ്ത്രങ്ങളെ തകിടംമറിക്കാൻ, പാവപ്പെട്ടവന്റെ കണ്ണീരിനു മുമ്പിൽ അലിയാത്ത സ്വാർത്ഥതയുടെ ആൾരൂപങ്ങളെ തച്ചുടയ്ക്കാൻ നീയൊരു കൊടുങ്കാറ്റായേ തീരൂ. അത് അനേകർക്ക് സാന്ത്വനത്തിന്റെ ചെറുകാറ്റായിത്തീരും.

**ഷിനി മുതുപ്ലാക്കൽ**







**ഒന്നാം ദൈവരഹസ്യം**

*"കർത്താവിന്റെ വാക്കുകൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി"* (ലൂക്കാ 1:45). *മാലാഖയിലൂടെ വെളിപ്പെട്ട ദൈവിക രഹസ്യങ്ങൾ തിരിച്ചറിയുന്ന പരി. മറിയം* – വിശ്വാസം ഒരു തിരിച്ചറിവാണ് എന്നു ഞങ്ങളെ പഠിപ്പിച്ച പരി. അമ്മേ, എന്നും എപ്പോഴും ദൈവഹിതം തിരിച്ചറിയുവാനും അതു നിറവേറ്റുവാനും വേണ്ട കൃപ അങ്ങേ തിരുക്കുമാരൻവഴി നേടിത്തരണമേ.

**രണ്ടാം ദൈവരഹസ്യം**

*"നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും"* (ലൂക്കാ 2:35). വിശ്വാസം നമുക്കു മനസ്സിലാക്കാൻ പറ്റാത്ത അനുഭവങ്ങളുടെ മുമ്പിൽ പതറാത്ത അവസ്ഥയാണെന്നു ഞങ്ങളെ പഠിപ്പിച്ച പരി. അമ്മേ, ജീവിതത്തിലെ ഓരോ നിമിഷവും 'ഇതാ കർത്താവിന്റെ ദാസി' എന്ന മനോഭാവത്തോടെ ആയിരിക്കുന്നതിനുവേണ്ട കൃപ അങ്ങേ തിരുക്കുമാരൻവഴി നേടിത്തരണമേ.

**മൂന്നാം ദൈവരഹസ്യം**

*"മറിയം ജോസഫിനോടൊപ്പം ഈജിപ്തിലേക്കു പുറപ്പെട്ടു'* (മത്താ. 2:13-15). വിശ്വാസം ഇരുട്ടിലേക്കുള്ള ഒരു എടുത്തുചാട്ടമാണെന്ന് ഞങ്ങളെ പഠിപ്പിച്ച പരി. അമ്മേ, ഇരുട്ടിലും പ്രകാശമാകുന്ന ഈശോയിലേക്കു നോക്കി മുന്നേറുവാൻ വേണ്ട കൃപ അങ്ങയുടെ തിരുക്കുമാരൻവഴി ഞങ്ങൾക്കു നേടിത്തരണമെ.

**നാലാം ദൈവരഹസ്യം**

*"ഈശോയുടെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേന മറിയവും നില്ക്കുന്നുണ്ടായിരുന്നു"* (യോഹ 19:25). വിശ്വാസം സഹനമാണ്, കുരിശിനെ പുൽകലാണ് എന്നു ഞങ്ങളെ പഠിപ്പിച്ച പരി. അമ്മേ, സഹനത്തിന്റെ വേളയിൽ കുരിശിലേക്കു നോക്കുവാനും അവിടെനിന്നു ശക്തി സ്വീകരിച്ചുകൊണ്ട് കുരിശിന്റെ വഴിയേ നീങ്ങുവാനും വേണ്ട കൃപ അങ്ങേ തിരുക്കുമാരൻവഴി നേടിത്തരണമെ.

**അഞ്ചാം ദൈവരഹസ്യം**

*"ഈശോയുടെ അമ്മയും ശ്ലീഹന്മാരും പ്രാർത്ഥനയിൽ മുഴുകിയിരുന്നു"* (നടപടി 1:12-14). വിശ്വാസം പ്രാർത്ഥനയാണെന്നു ഞങ്ങളെ പഠിപ്പിച്ച പരി. അമ്മേ, വിശ്വാസത്തോടെ നിരന്തരം പ്രാർത്ഥിക്കുവാനും പ്രാർത്ഥനയിലൂടെ വിശ്വാസത്തിൽ വളരുവാനുംവേണ്ട കൃപ അങ്ങേ തിരുക്കുമാരൻവഴി നേടിത്തരണമെ.


**ഫിലോ കുറ്റിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



നിങ്ങളുടെ ഓരോരുത്തരുടെയും സഹകരണത്തോടെ *പ്രതീക്ഷയുടെ പൂമൊട്ടുകൾ* വളർച്ചയുടെ ഒരു പടികൂടി കയറിയിരിക്കുന്നു എന്നത് സസന്തോഷം അറിയിക്കട്ടെ. വായനക്കാരുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ച് ആരാധനാവത്സരത്തിലെ ഓരോ കാലത്തിലും ഓരോ *പ്രതീക്ഷയുടെ പൂമൊട്ടുകൾ* വീതം പ്രസിദ്ധീകരിക്കുവാൻ ആരംഭിക്കുന്ന വിവരം അഭിമാനത്തോടെ അറിയിക്കുന്നു. ലക്കങ്ങളുടെ എണ്ണം കൂടുന്നതും പ്രസിദ്ധീകരണ ചിലവുകളുടെ വർദ്ധനവും കണക്കിലെടുക്കുമ്പോൾ വരിസംഖ്യ വർദ്ധിപ്പിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. ഈ ലക്കം മുതൽ വരിസംഖ്യ 100 രൂപയായിരിക്കും. നിങ്ങൾ ഇപ്പോൾ നല്കിക്കൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾ തുടരുമെന്ന് പ്രതീക്ഷിക്കുന്നു. തിരുസ്സഭയുടെ ആരാധനക്രമ ആദ്ധ്യാത്മികതയിൽ അടിയുറച്ച് വിശുദ്ധിയിൽ വളർന്നുവരുവാൻ എല്ലാവരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പ്രേഷിതപ്രവർത്തനം നിങ്ങളുടേതുമാക്കിത്തീർത്ത് ഞങ്ങളോട് സഹകരിക്കണമേ

**എഡിറ്റോറിയൽ ബോർഡ്**

**"ഇതാകുന്നു ദൈവഹിതം - നിങ്ങളുടെ വിശുദ്ധീകരണം"**
**(1 തെസ 4.3).**



**ദൈവദാസൻ**
**ബിഷപ് വില്യം ജക്വിന്താ**



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''കർത്താവേ, തവകാരുണ്യം
ഞങ്ങൾ സന്തതമറിയുന്നു
കാരുണ്യത്താൽ നീയുലകിൽ
നരനായ് ശിശുവായ് വന്നല്ലോ
നാഥാ, നിന്റെ മഹത്ത്വത്തെ
വർണ്ണിച്ചിടുവാൻ കഴിവെന്യേ
കൃപയുടെയാഴം നിരവദ്യം
ഞങ്ങൾ വാഴ്ത്തിപ്പാടുന്നു''
(മംഗലവാർത്തക്കാലം, ഞായർ റംശ)

**For private circulation only**

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്